# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ-ഇ കെ എം(പി7)182/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/04/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ-ഇ കെ എം(പി7)182/2022 തീയ്യതി: 12/04/2022

## എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജിമോൻ കെ എ | ഡെപ്യൂട്ടി ഡയറക്ടർ | 22-01-2022 | 02-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2022 | 02-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. റഷീദ് സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
2. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. സ്വപ്ന വി, ഓഡിറ്റർ
4. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം. കെ വേണു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി കലാമണി വി എസ് | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ.രമേഷ് കെ എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 15-07-2019 |
| ശ്രീ ഷംസുദ്ദീൻ എം എം | സെക്രട്ടറി | 16-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രമേഷ് കെ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ദിവ്യ ശശി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സഫീറ സി പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജെറാൾഡ് ഗോർക്കിംഗ് മാത്യു | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ. എ സോളമൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.എസ് ഷറഫുദീൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി സ്വപ്ന മാത്യു | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 18-01-2020 |
| ശ്രീമതി ലൈല കെ എച്ച് | ഐ സി ഡി എസ് സൂപ്പർവൈസർ | 19-01-2020 | 31-03-2020 |
| ശ്രീമതി ജെസ്സി കെ എസ് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി എലിസബത്ത് സി ജോർജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 02-06-2019 |

| | | | |
|---|---|---|---|
| ശ്രീമതി കല്യാണി സജിത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-06-2019 | 28-11-2019 |
| ശ്രീമതി എലിസബത്ത് സി ജോർജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-11-2019 | 31-03-2020 |
| ശ്രീമതി ബേബിമോൾ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടപ്പടി | 01-04-2019 | 31-03-2020 |
| ശ്രീമതി ബേബിമോൾ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടാശ്ശേരി | 01-04-2019 | 23-10-2019 |
| ശ്രീമതി റാണി കെ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടാശ്ശേരി | 24-10-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiby.E.D (Asst. Audit Officer, On 26-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-1 |
| 2 | ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം<br>Written By: Shaiby.E.D (Asst. Audit Officer, On 30-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-1-1 |
| 3 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 31-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Shaiby.E.D (Asst. Audit Officer, On 26-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-2 |
| 5 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Shaiby.E.D (Asst. Audit Officer, On 27-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 26-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-5 |
| 9 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiby.E.D (Asst. Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Shaiby.E.D (Asst. Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-7 |
| 11 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: C.M.Rasheed (Asst. Audit Officer, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 27-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-9 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: C.M.Rasheed (Asst. Audit Officer, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-10 |
| 14 | FTEA&OS ലൈസൻസ് - അപാകതകൾ<br>Written By: Nabeel Muhammad Abbas (Auditor, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 1-11 |
| 15 | FTEA&OS നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ<br>Written By: Nabeel Muhammad Abbas (Auditor, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 1-11-1 |
| 16 | തൊഴിൽ നികുതി – അപാകതകൾ<br>Written By: Nabeel Muhammad Abbas (Auditor, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 05-04-2022) | 1-12 |
| 17 | അതിഥി തൊഴിലാളി തൊഴിൽ നികുതി - നടപടികൾ സ്വീകരിക്കണം<br>Written By: Aneesh R (Auditor, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 1-12-1 |
| 18 | ഗ്രാമപഞ്ചായത്ത് സേവനങ്ങൾക്ക് നിയമ പ്രകാരമുള്ള | 1-13 |

| | | |
|---|---|---|
| | നികുതി ഈടാക്കുന്നില്ല.<br>Written By: Aneesh R (Auditor, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | |
| 19 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - പെർമിറ്റ് നടപടി സ്വീകരിച്ചില്ല<br>Written By: Aneesh R (Auditor, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-14 |
| 20 | മൊബൈൽ ടവർ വസ്തു നികുതി -നിയമ നടപടി സ്വീകരിക്കണം<br>Written By: Aneesh R (Auditor, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-15 |
| 21 | എം.എസ്.എം.ഇ. – വസ്തു നികുതി നടപടികൾ സ്വീകരിക്കണം<br>Written By: Aneesh R (Auditor, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 05-04-2022) | 1-15-1 |
| 22 | 'പെൻസിൽ' ക്യാമ്പ്-'കില'യിൽ നിന്ന് തുക തിരികെ ലഭ്യമായില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 05-04-2022) | 1-16 |
| 23 | പരിരക്ഷ പദ്ധതി -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 05-03-2022)<br>Last Updated By: Raj N.C (Computer Assistant, On 05-03-2022) | 1-17 |
| 24 | പഠനമുറി - 37,110/- രൂപ തിരികെ ഈടാക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 05-03-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 05-03-2022) | 1-18 |
| 25 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ<br>Written By: Swapna.V (Auditor, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-19 |
| 26 | തെറ്റായ നിരക്കിലെ വൈദ്യുതി ചാർജ് മൂലം തുക കൂടുതൽ അടവാക്കുന്നു.<br>Written By: Shaiby.E.D (Asst. Audit Officer, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 05-03-2022) | 1-20 |
| 27 | ക്യാൻസർ വിമുക്ത കേരളം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 05-03-2022) | 1-21 |
| 28 | ഓണം അഡ്വാൻസ് ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-22 |
| 29 | ഫ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - നിർദ്ദേശം പാലിക്കപ്പെട്ടില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-23 |
| 30 | പൊതുമരാമത്ത് പ്രവൃത്തികൾ- റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല<br>Written By: C.M.Rasheed (Asst. Audit Officer, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-24 |
| 31 | ഇ ഗവേണൻസ് - കംപ്യൂട്ടറുകളുടെ പ്രവർത്തന വിലയിരുത്തൽ<br>Written By: Aneesh R (Auditor, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 1-25 |
| 32 | അങ്കണവാടി അനുപൂരക പോഷകാഹാരം - വിതരണത്തിന് മുൻപ് ഗുണനിലവാര പരിശോധന നടത്തുന്നില്ല | 1-26 |

| | | |
|---|---|---|
| | Written By: Shaiby.E.D (Asst. Audit Officer, On 31-01-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | |
| 33 | അങ്കണവാടിയിലേക്ക് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 31-01-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-27 |
| 34 | തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-28 |
| 35 | തൊഴിലുറപ്പ് പദ്ധതി - അപാകതകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 1-29 |
| 36 | ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പദ്ധതി - രേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Swapna.V (Auditor, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 05-04-2022) | 1-30 |
| 37 | മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഭാഗികമായി മാത്രം ഹാജരാക്കി<br>Written By: Swapna.V (Auditor, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-31 |
| 38 | ആസ്തി സംരക്ഷണം - ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: Aneesh R (Auditor, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-32 |
| 39 | കോവിഡ് പ്രതിരോധ പ്രവർത്തനം - അവലോകനം<br>Written By: Aneesh R (Auditor, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 05-03-2022) | 1-33 |
| 40 | കന്നുകുട്ടി പരിപാലനം-അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്<br>Written By: Nabeel Muhammad Abbas (Auditor, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-34 |
| 41 | മുട്ടക്കോഴി വിതരണം - രേഖകൾ അപൂർണ്ണം<br>Written By: Nabeel Muhammad Abbas (Auditor, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 05-04-2022) | 1-35 |
| 42 | ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Aneesh R (Auditor, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 1-36 |
| 43 | ഗ്രാമസഭ<br>Written By: C.M.Rasheed (Asst. Audit Officer, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-37 |
| 44 | പ്രൊക്യൂർമെന്റ് കമ്മിറ്റി<br>Written By: C.M.Rasheed (Asst. Audit Officer, On 01-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-38 |
| 45 | വെള്ളക്കരം കുടിശ്ശിക- നടപടികൾ സ്വീകരിച്ചു<br>Written By: Shaiby.E.D (Asst. Audit Officer, On 31-01-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-39 |
| 46 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Aneesh R (Auditor, On 02-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 1-40 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | | 4-1 |

| | | |
|---|---|---|
| | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 05-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 25-01-2022)<br>Last Updated By: Raj N.C (Computer Assistant, On 05-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Shaiby.E.D (Asst. Audit Officer, On 25-01-2022)<br>Last Updated By: Raj N.C (Computer Assistant, On 05-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 30-01-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 25-01-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 25-01-2022)<br>Last Updated By: Raj N.C (Computer Assistant, On 04-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 27-01-2022)<br>Last Updated By: Raj N.C (Computer Assistant, On 05-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 25-01-2022)<br>Last Updated By: Raj N.C (Computer Assistant, On 05-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ ബജറ്റ് 28.02.2019 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 20-02-2020ൽ 4 (34) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം

| | ബജറ്റ് (റിവൈസ്ഡ് ) |
|---|---|
| മുന്നിരിപ്പ് | 926309.00 |
| വരവ് | 140715752.00 |
| ആകെ | 141642061.00 |
| ചെലവ് | 140808130.00 |
| നീക്കിയിരിപ്പ് | 833931.00 |

### 1-1-1 ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ്<br>(രസീത് &പേയ്മെന്റ് പ്രകാരമുള്ള വരവ് ) |
|---|---|---|
| **വരവ്** | 140715752 | 54677349 |
| **ചെലവ്** | 140808130 | 57069813 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ വ്യത്യാസമുള്ളതായി കാണാം. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 25.02.2019 തീയതിയിൽ തന്നെ ബജററ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ ഘടക സ്ഥാപനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ട് സ്ഥാപനങ്ങളുടെ വരുമാനവും ചെലവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട് എങ്കിലും പ്രീ ബജറ്റ് മീറ്റിംഗ് നടത്തിയതായി കാണുന്നില്ല.

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.
1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.
2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.
3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.
4. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 26.05.2020 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ സംബന്ധിച്ച് 31.01.2022 ൽ നൽകിയ 27ാം നമ്പർ ഓഡിറ്റ്

എൻക്വയറിക്ക് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)].

2) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ “Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2392464/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ “Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 261550/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. സോഫ്റ്റ് വെയറിലെ അപാകതമൂലം ആണ് ഇതെന്നാണ് മറുപടി ലഭ്യമാക്കിയത്.

3) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയിട്ടുണ്ട്. 31.03.2020 ലെ സഞ്ചയ പ്രകാരമുള്ള ഡി സി ബി ഓഡിറ്റിന് ലഭ്യമായില്ല. ലഭ്യമാക്കിയ ഡി.സി.ബി. വേറെ തീയതിയിലുള്ളതായതിനാൽ തുകയിൽ മാറ്റം വന്നിട്ടുണ്ട്. ഇത്തരത്തിൽ ക്രമീകരിച്ച തുക ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4) ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 20 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രീസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രീസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. സോഫ്റ്റ് വെയറിൽ എല്ലാ ആസ്തികളുടെയും ഡിപ്രിസിയേഷൻ രേഖപ്പെടുത്താനുള്ള സംവിധാനമില്ലാത്തതിനാലാണ് ഈ അപാകതയെന്നാണ് മറുപടി നൽകിയത്.

5) ജോയിന്റ് വെഞ്ചർ-എസ് റ്റി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് 946153/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി 950338/- രൂപയാണ് നീക്കിയിരിപ്പ്.

6) വാർഷിക ധനകാര്യപത്രിക കോഡ് നം.340200108 പ്രകാരം റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് ഇനത്തിലെ വരവ് 2000/- രൂപയാണ്(രസീത് നം.5/48338 തീയതി 20.112019). ശ്രീ.എൽദോസ് വർഗ്ഗീസ് കുന്നപ്പിള്ളി എന്ന വ്യക്തി 2000/- രൂപ ഫയൽ നം.എ5/3640/2019 തീയതി 15.11.2019 പ്രകാരം റോഡ് കട്ടിംഗിനായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക വാർഷിക ധനകാര്യപത്രികയിൽ റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് എന്ന ഹെഡ്ഡിൽ വരവ് വന്നിട്ടില്ല.

7) ഇ എം ഡി റീഫണ്ട് നൽകുമ്പോൾ അതത് ഹെഡ്ഡിൽ നിന്നാണെന്ന് ഉറപ്പ് വരുത്തുന്നില്ല. സപ്ലയഴ്സ് ഇ എം ഡി എന്ന ഹെഡ്ഡിലെ തുകയിൽ നിന്നും കോൺട്രാക്ടേഴ്സ് ഇ എം ഡി റീഫണ്ട് നൽകിയിട്ടുണ്ട്.

8) ഗ്രാന്റ് വിനിയോഗ പത്രികയിലെ തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9) ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11420108.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 54677349.00 |
| ആകെ | 66097457.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 57069813.00 |
| നീക്കിയിരിപ്പ് | 9027644.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 221200.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9083724 | 9083724 | 8447639 | 0 | 636085 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6303941 | 6303941 | 5881985 | 0 | 421956 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 205000 | 205000 | 196000 | 0 | 9000 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 14394000 | 14394000 | 5915847 | 0 | 8478153 |
| സംരക്ഷണഗ്രാന്റ്(റോഡിതരം) | 0 | 3251000 | 3251000 | 1329686 | 0 | 1921314 |
| ധനകാര്യകമ്മീഷൻ അവാർഡ് | 0 | 7381820 | 7381820 | 4888963 | 0 | 2492857 |
| കേന്ദ്രാവിഷ്കൃതഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം | 0 | 435113 | 435113 | 435113 | 0 | |
| PBIG – 320300103 | 298400 | 0 | 298400 | 239478 | 58922 | |

| | | | | | | |
|---|---|---|---|---|---|---|
| **സംസ്ഥാനാവിഷ്കൃതഫണ്ട്** | | | | | | |
| വിമുക്തി – 320200399 | 34480 | 3000 | 37480 | 31400 | 6080 | |
| ദുരിതാശ്വാസ നിധി – 311100101 | 11806 | 1242 | 13048 | 0 | 13048 | |
| നിർമ്മൽ പുരസ്കാർ – 320900101 | 462875 | 0 | 462875 | 190800 | 272075 | |
| ഖരമാലിന്യ സംസ്കരണം – 320200319 | 1200000 | 0 | 1200000 | 0 | 1200000 | |
| ടോട്ടൽ സാനിട്ടേഷൻ – 320100115 | 307000 | 12000 | 319000 | 12000 | 307000 | |
| ശുചിത്വ മിഷൻ ഗ്രാന്റ് – 320200322 | 89583 | 0 | 89583 | 89583 | 0 | |
| ലൈഫ് -സംസ്ഥാന വിഹിതം – 320300199 | 64244 | 1200000 | 1264244 | 700000 | 564244 | |

| ഫണ്ടിനം | ജി ഒ പ്രൊജക്റ്റ് തുക | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 572276 | 187333 |
| വികസന ഫണ്ട്(എസ്.സി.പി) | 147059 | 211220 |
| വികസന ഫണ്ട്(ടി.എസ് .പി) | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 168701 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 233047 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4266041 |

ജി.ഒ. പ്രൊജക്റ്റ് തുക, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക എന്നിവ ചേർത്ത് പഞ്ചായത്ത് ഗ്രാന്റ് വിനിയോഗിച്ചതിന്റെ ശതമാനം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായതുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 9656000 | 9019915 | 636085 | 6.59% |
| വികസന ഫണ്ട്(എസ്.സി.പി) | 6451000 | 6029044 | 421956 | 6.54% |
| വികസനഫണ്ട്(ടി.എസ്.പി) | 205000 | 196000 | 9000 | 4.39% |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 14394000 | 5915847 | 8478153 | 58.90% |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 3251000 | 1329686 | 1921314 | 59.09% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 7381820 | 4888963 | 2492857 | 33.77% |

ബജറ്റ് പ്രകാരം പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് തുകകളിൽ വികസന ഫണ്ട് മാത്രമാണ് 93 ശതമാനത്തിലധികം ചെലവഴിച്ചിട്ടുള്ളത്. റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റുകൾ പകുതിയിലധികം ചെലവഴിക്കാതെ പോയതായി കണക്കുകൾ സൂചിപ്പിക്കുന്നു. ധനകാര്യ കമ്മീഷൻ അവാർഡ് തുക 67ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. സംരക്ഷണ ഗ്രാന്റുകളും, ധനകാര്യ കമ്മീഷൻ അവാർഡ് തുകയും ഉപയോഗിച്ച് പഞ്ചായത്തിന്റെ സമഗ്രവികസനം സാദ്ധ്യമാകുന്ന വിധത്തിൽ പദ്ധതികൾ മാർഗ്ഗരേഖപ്രകാരം ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 85934611 | 130 | 42538932 | 10 | 52 | 67.71% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| **ഇനം** | **മുന്നിരിപ്പ്** | **വരവ്** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13223 | 1308870<br>5064(പലിശ) | 1327157 | 1032851 | 294306 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 20267238 | 20267238 | 20267238 | --- |
| **ആകെ** | 13223 | 21581172 | 21594395 | 21300089 | 294306 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26880 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 1225200 | 199 |

| | | |
|---|---|---|
| വിധവാപെൻഷൻ | 3562800 | 694 |
| വാർദ്ധക്യകാലപെൻഷൻ | 8426100 | 1873 |
| വികലാംഗപെൻഷൻ | 1323700 | 244 |
| അവിവാഹിത - 50 വയസ്സിന് മുകളിൽ | 127800 | 25 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1264/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.10.2021 | 01.02.2021മുതൽ 30.09.2021വരെ | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.07.2003 മുതൽ 19.07.2003 വരെ | 1997-98 മുതൽ 2002-03 വരെ | 28.09.2003 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

**1.** ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

**2.** ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

**3.** ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അജണ്ട രജിസ്റ്റർ, തീരുമാന രജിസ്റ്റർ,മിനട്ട്സ് എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

**4. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ അറ്റകുറ്റപ്പണി നടത്തുന്നവയുടേയോ പുതുതായി സ്ഥാപിക്കുന്നവയുടേയോ വിവരം കൃത്യമായി നിരീക്ഷിക്കാൻ സാധ്യമല്ല.

**5.** നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് ഫയലിൽ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. എന്നാൽ, വി.ഇ.ഒ. കൃത്യമായി മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നുണ്ട്.

**6.** കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-11 FTEA&OS ലൈസൻസ് - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2019-20 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

**1)** ഫാക്ടറികളിൽ /വ്യാപാരസംരംഭങ്ങളിൽ വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ, നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്നതിന്റെ വിവരം വ്യക്തമായി രജിസ്റ്ററിൽ ചേർക്കുന്നില്ല.ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**എ)** ഫൈവ് സ്റ്റാർ പ്ലൈവുഡ്സ് യൂണിറ്റ് എന്ന സ്ഥാപനത്തിന്റെ അപേക്ഷ പ്രകാരം 110 Hp ആണ് ആകെ സ്ഥാപനത്തിൽ ഉപയോഗിക്കുന്ന യാന്ത്രിക കുതിര ശക്തി , എന്നാൽ Department Of Factories And Boilers ന്റെ ഫോറം 4 പ്രകാരം 312.62 Hp യാണ് .

**ബി)** വീനസ് പ്ലൈബോർഡ്സ് എന്ന സ്ഥാപനത്തിന്റെ അപേക്ഷ പ്രകാരം 140 Hp ആണ് ആകെ സ്ഥാപനത്തിൽ ഉപയോഗിക്കുന്ന യാന്ത്രിക കുതിര ശക്തി , എന്നാൽ Department Of Factories And Boilers ന്റെ സാക്ഷ്യപത്ര പ്രകാരം 300 Hp യാണ് .

**സി)** യാസീൻ പ്ലൈവുഡ്സ് എന്ന സ്ഥാപനത്തിന്റെ അപേക്ഷകൻ നല്കിയിട്ടുള്ള അപേക്ഷയും അനുബന്ധ രേഖകൾ പ്രകാരം ആകെ യാന്ത്രിക കുതിര ശക്തി 40 Hp യാണ്,എന്നാൽ രജിസ്റ്ററിൽ ചേർത്തിട്ടുള്ളത് 30 Hp എന്നാണ് .

**ഡി)** ടീകെ പ്ലൈവുഡ്സ് എന്ന സ്ഥാപനത്തിൽ ഉപയോഗിക്കുന്ന യാന്ത്രിക കുതിര ശക്തി സംബന്ധിക്കുന്ന വിവരങ്ങൾ വ്യക്തമല്ല , കാരണം Department Of Factories And Boilers ന്റെ പക്കൽ നിന്നുമുള്ള രേഖകൾ പൂർണ്ണമായി

അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല .

**2)** എക്സൽ ക്വാറി എന്ന സ്ഥാപനത്തിന്റെ (ലൈസനൻസ് നം. 1/19-20) രേഖകൾ പരിശോധിച്ചതിൽ നിന്നും സ്ഥാപനത്തിൽ 440 V ന്റെ രണ്ട് ലൈനുകൾ ഉള്ളതായി കാണുന്നു. എന്നാൽ വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ, നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്നതിന്റെ വിവരങ്ങൾ ഒന്നും ലഭ്യമക്കിയിട്ടില്ല .

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപെട്ടുകൊണ്ട് 31.01.2022 ൽ നൽകിയ എൻക്വയറി (നം. 29 ) ചുവടെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

**1)** എ,ബി,സി,ഡി – ഫാക്ടറികളിൽ /വ്യാപാരസംരംഭങ്ങളിൽ വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ, നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്നത്തിന്റെ വിവരം വ്യക്തമായി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. രജിസ്റ്റർ കാലികമാക്കി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

**2)** എക്സൽ ക്വാറി എന്ന സ്ഥാപനത്തിന്റെ (ലൈസനൻസ് നം. 1/19-20) രേഖകൾ പരിശോധിച്ചതിൽ നിന്നും സ്ഥാപനത്തിൽ 440 V ന്റെ രണ്ട് ലൈനുകൾ ഉള്ളതായി കാണുന്നു. എന്നാൽ വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ, നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്നതിന്റെ വിവരങ്ങൾ വിവരങ്ങൾ അപേക്ഷയിൽ അറിയിച്ചിട്ടില്ല എന്നും സ്ഥാപനത്തിൽ പരിശോധന നടത്തി ഫീസ് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-11-1 FTEA&OS നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് ( Issue Of License To Factories. Trades,Entrepreneurship Activities And Other Services) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നൽകുന്ന ലൈസൻസിന്റെ ഫീസ് ഈടാക്കുന്നതിൽ അപാകതയുള്ളതായി കാണുന്നു. ചട്ടം (7) പ്രകാരം ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് അടിസ്ഥാനപ്പെടുത്തി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കണം. ഇത് കൂടാതെ മോട്ടോർ ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ ചട്ടം (18) പ്രകാരം മോട്ടോർ ഫീസും വാങ്ങേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത ഫീസ് വാങ്ങിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് 28.01.2022 ൽ നൽകിയ 16-ാം നമ്പർ എൻക്വയറിക്ക് കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൂടുതൽ തുക ലൈസൻസ് ഫീസായി ഈടാക്കി വരുന്നുണ്ടെന്നാണ് മറുപടി നൽകിയത്. അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ, മേൽ ചട്ട പ്രകാരം ഫീസ് ഈടാക്കുന്നില്ലാത്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഫയൽ നം: | യന്ത്രത്തിന്റെ കുതിര ശക്തി (അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | എസ്. എൻ . ഫർണിച്ചർ ഇൻഡസ്ട്രീസ് | A4-761 | 45 Hp |
| 2 | സ്റ്റീൽ ഫർണിച്ചർ യൂണിറ്റ് | A4-763 | 5Hp |
| 3 | വീനസ് പ്ലൈബോർഡ്സ് | A4-650 | 300Hp |
| 4 | യൂ സ്റ്റാർ പ്ലൈവുഡ്സ് | A4-629 | 150Hp |
| 5 | യാസീൻ പ്ലൈവുഡ്സ് | A4-637 | 40Hp |
| 6 | ഫൈവ് സ്റ്റാർ പ്ലൈവുഡ്സ് യൂണിറ്റ് | A-1035 | 312.62Hp |
| 7 | വെൽഡിങ് വർക്ക് ഷോപ്പ് | A4-1083 | 10Hp |
| 8 | പുത്തൻ പുരയിൽ പ്ലൈവുഡ്സ് | A4-324 | 293Hp |
| 9 | കുറ്റിച്ചിറ പ്ലൈവുഡ്സ് | A4-640 | 299Hp |
| 10 | ടീകെ പ്ലൈവുഡ്സ് | A4-665 | 250Hp(വ്യക്തമല്ല ) |
| 11 | റൈസ് മിൽ ആന്റ് ഫ്ലോർ മിൽ | A4-1139 | 10Hp |
| 12 | എച്ച് . പി. റബ്ബേഴ്സ് | A4-607 | 1.5Hp |
| 13 | മെറ്റൽ ക്രഷർ | A4-1086 | 110Hp |
| 14 | പാറക്കോട്ട് പ്ലൈവുഡ്സ് | A4-913 | 287Hp |
| 15 | ഹൈടെക്ക് എഞ്ചിനീറിങ് വർക്ക് | A4-1391 | 10Hp |
| 16 | ബ്ലിസ്റ്റേഴ്സ് | A4-734 | 27Hp |
| 17 | പ്ലൈവുഡ്സ് ഫേസ് | A4-1964 | വ്യക്തമല്ല |
| 18 | സോളിഡ് ടൈൽസ് | A4-2914 | 21 Hp |
| 19 | പീലിങ് യൂണിറ്റ് | A4-1505 | 50 Hp |
| 20 | ഫാത്തിമ ടിംബർ ഇൻഡ്സ്ട്രീസ് | A4-311 | 50Hp |
| 21 | PVC നിർമ്മാണ യൂണിറ്റ് | A4-4204 | 45Hp |

മേൽ അപാകതകൾക്ക് വിശദീകരണവും കമ്മിറ്റി തീരുമാനവും ആവശ്യപ്പെട്ട് നൽകിയ 31.01.2022 ലെ 29ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-12 തൊഴിൽ നികുതി – അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി നൽകണം. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2019-2020

വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1) താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | രജിസ്റ്റർ പ്രകാരം തുക അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | റ്റോഡി ഷോപ്പ് കോട്ടപ്പടി | 2019-2020 | രണ്ടാം അർദ്ധവർഷം |
| 2 | മിൽക്ക് സൊസൈറ്റി പി. ഡി. ഡി. പി. കോട്ടപ്പടി | 2019-2020 | രണ്ടാം അർദ്ധവർഷം |
| 3 | റേഷൻ കട | 2019-2020 | ഒന്നാം അർദ്ധവർഷം<br>രണ്ടാം അർദ്ധവർഷം |

2) ട്രേഡേഴ്സ് / സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് പൂർണ്ണമല്ല .

3) 2019-2020 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് / സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

4) തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം യഥാക്രമം രജിസ്റ്ററിൽ ചേർക്കുന്നില്ല

റ്റീകേ പ്ലൈവുഡ് എന്ന സ്ഥാപനത്തിന്റെ രണ്ടാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി, രസീത് നം 119020500118 പ്രാകാരം 12.03.2020ാം തീയതി അടവാക്കിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ തുക അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടില്ല .

5) 205(എഫ്) വകുപ്പ് 2005 ലെ 31-ാം ആക്ട് പ്രകാരം അല്ലാത്ത അപേക്ഷ സ്വീകരിച്ച് തുക അടവാക്കിയിട്ടുണ്ട്. ചട്ട പ്രകാരം സ്വീകരിച്ചിട്ടുള്ള അപേക്ഷകളിൽ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തേണ്ടയിടത്ത് പ്രതി മാസ വരുമാനമാണ് രേഖപ്പെടുത്തിയിട്ടുള്ളത് .

6)എൽ എസ് ജി ഡി എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 89 മരാമത്ത് ജോലികൾക്കായി 18 ഓളം കരാറുകാർ ജോലികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത് ഒരാളുടേത് മാത്രമാണ് . 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തിട്ടുള്ള കരാറുകാരുടെ ലിസ്റ്റ് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/25.1.2022) ചുവടെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

1) നികുതി അടക്കുന്നതിന് നടപടി എടുക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പരാമർശത്തിലെ മുഴവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2) ട്രേഡേഴ്സ് / സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പൂർണ്ണമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

3) രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

4) ജീവനക്കാരുടെ പേരുകൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമായിരുന്നില്ല എന്നും ആയത് വാങ്ങി വിവരങ്ങൾ രേഖപ്പെടുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സ്റ്റേറ്റ് മെന്റുകൾ ലഭ്യമാക്കി തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

5) ചട്ട പ്രകാരമുള്ള അപേക്ഷകളിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വരുംവർഷങ്ങളിൽ ചട്ട പ്രകാരമുള്ള അപേക്ഷകളിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

6) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തിട്ടുള്ള മുഴവൻ കരാറുകാരുടേയും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-12-1 അതിഥി തൊഴിലാളി തൊഴിൽ നികുതി - നടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്ലൈവുഡ് മുതലായ വ്യവസായ സംരഭങ്ങളിൽ ധാരാളം അതിഥി തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട്. എന്നാൽ ലഭ്യമാക്കിയ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പ്രകാരം അതിഥി തൊഴിലാളികൾ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതായി കാണുന്നില്ല. ഒന്നോ രണ്ടോ സ്റ്റേറ്റ്മെന്റുകളിൽ ഒഴികെ അതിഥി തൊഴിലാളികളുടെ പേര് ഉൾപ്പെട്ടതായി കാണുന്നില്ല. പഞ്ചായത്തിലെ എഫ്.ടി.ഇ.എ.&ഒ.എസ്. ലൈസൻസ് അപേക്ഷ പ്രകാരമുള്ള തൊഴിലാളികളുടെ എണ്ണവും തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൊഴിലാളികളുടെ എണ്ണവും തമ്മിൽ വ്യത്യാസമുണ്ട്. അതിഥി തൊഴിലാളികൾ പ്രധാനമായും തൊഴിലെടുക്കുന്ന ചില വ്യവസായ സംരഭങ്ങളുടെ ലൈസൻസ് അപേക്ഷയിലെ തൊഴിലാളികളുടെ എണ്ണവും,തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിലെ തൊഴിലാളികളുടെ എണ്ണവും താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് , ഉടമ | ലൈസൻസ് വിവരം | | തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് വിവരം | |
|---|---|---|---|---|---|
| | | ഫയൽ നം/ രജിസ്റ്റർ പേജ് നം | തൊഴിലാളി കളുടെ എണ്ണം | സ്റ്റേറ്റ്മെന്റ് തീയതി | തൊഴിലാളി കളുടെ എണ്ണം |
| 1 | ടീകേ പ്ലൈവുഡ്സ്,<br>ടി കെ ഇസ്മയിൽ,<br>കോട്ടപ്പടി | A4-665/28.02.2019,<br>5 | 25 | 25.09.2019 | 6 |
| 2 | കുറ്റിച്ചിറ പ്ലൈവുഡ്സ്,<br>അലിയാർ കെ കെ, പാനിപ്ര | A4-640/26.02.2019,<br>5 | 19 | 18.02.2020 | 8 |

| | | | | | |
|---|---|---|---|---|---|
| 3 | പുത്തൻ പുരയിൽ പ്ലൈവുഡ്സ്, ഹമീദ് കെ എം, പാനിപ്ര | A4-324/31.01.2019, 5 | 17 | 30.09.2019 | 12 |
| 4 | വീനസ് പ്ലൈബോഡ്സ്, കെ എം മുഹമ്മദ്, പാനിപ്ര | A4-650/27.02.2019, 2 | 35 | 27.02.2019 | 18 |
| 5 | ഫൈവ് സ്റ്റാർ പ്ലൈവുഡ്സ്, മിസ്റി ഹമീദ് ,ഇരിങ്ങോൾ | A4-1035/23.03.2019, 2 | 30 | 27.11.2019 | 6 |

1994 കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി നൽകണം. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം ഉദ്യോഗസ്ഥരോ, ജീവനക്കാരോ, ദ്വിഭാഷികളോ, ഏജന്റുമാരോ, വിതരണക്കാരോ, കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരേയും തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തണം. ഗ്രാമ പഞ്ചായത്തിൽ തൊഴിലുടമകൾ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകളിൽ ഇപ്രകാരം എല്ലാവരും ഉൾപ്പെട്ടതായി സെക്രട്ടറി ബോധ്യപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല. മേൽ കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 33/31.1.2022) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

കേരളത്തിൽ അതിഥി തൊഴിലാളികളുടെ സാന്ദ്രത ഏറ്റവും കൂടിയ പ്രദേശമാണ് പെരുമ്പാവൂരും കോതമംഗലവും. ഈ രണ്ട് പ്രധാന സ്ഥലങ്ങൾക്കുമിടയിലുള്ള കോട്ടപ്പടി ഗ്രാമ പഞ്ചായത്തിൽ നാമ മാത്രമായ തുക പോലും അതിഥി തൊഴിലാളി തൊഴിൽ നികുതി ഇനത്തിൽ വരവില്ല.വരും വർഷങ്ങളിൽ തൊഴിലുടമകൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റ് വിശദമായി പരിശോധിക്കേണ്ടതും അതിഥി തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. തനത് വരുമാനം കറവായ ഗ്രാമ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ഗ്രാമപഞ്ചായത്ത് സേവനങ്ങൾക്ക് നിയമ പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവഞ്ചിങ്ങ്, തെരുവ് വിളക്കുകളുടെ പരിപാലനം, ഡ്രെയിനേജ് എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിടുത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചത്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരെയും നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

നിയമപരമായി പഞ്ചായത്തിന് ലഭിക്കേണ്ട സേവന ഉപനികുതി ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 21/29.01.2022) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സേവന ഉപനികുതി ഏർപ്പെടുത്തുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ജനറൽ കമ്മറ്റിയിൽ അവതരിപ്പിച്ച് അനുയോജ്യ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 1-14 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - പെർമിറ്റ് നടപടി സ്വീകരിച്ചില്ല

ഗ്രാമ പഞ്ചായത്തിൽ KURDFC ധനസഹായത്തോടെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ട്. 2015 ൽ പ്രോജക്ട് നം. : 184/15 (124/16) പ്രകാരം ആരംഭിച്ച നിർമ്മാണം 2019-20 ൽ പ്രൊജക്ട് നം 151/19-20 പ്രകാരം ആണ് പൂർത്തീകരിച്ചത്. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം സംബന്ധിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/1.2.2022) 2.2.2022 ന് മറുപടി ലഭ്യമാക്കി. മറുപടിയിൽ ലഭ്യമാക്കിയ വിശദാംശങ്ങൾ കൂടി പരിഗണിച്ചാണ് താഴെ പറയുന്ന പരാമർശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

**1.** കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ,2011 ലെ ചട്ടം (4) പ്രകാരം പഞ്ചായത്തിന്റെ ഏതെങ്കിലും കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമാണ് കെട്ടിട നിർമ്മാണം എന്ന സാക്ഷ്യപത്രത്തോട് കൂടി പ്ലാനുകൾ സെക്രട്ടറിക്ക് അംഗീകരിക്കാവുന്നതാണ്. പുതുക്കിയ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ലെ ചട്ടം 7 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമാണ്. ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ലഭ്യമാക്കി. എന്നാൽ ആയതിന് സെക്രട്ടറി അംഗീകാരം നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

**2.** ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക നിർണ്ണയിച്ച ഫയലിൽ (C2-533/20) സൂക്ഷിച്ചിട്ടുള്ള അസി:എഞ്ചിനീയറുടെ റിപ്പോർട്ടിൽ (ഒപ്പ്, തീയതി,പേര് മുതലായവ വ്യക്തമല്ല) കെട്ടിടത്തിന്റെ കവറേജ് 71.17 % ആണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ടേബിൾ 2 പ്രകാരം കാറ്റഗറി Ii വില്ലേജിൽ പെട്ട പഞ്ചായത്തുകളിൽ F കാറ്റഗറി (കൊമേഴ് സ്യൽ) കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ് 60% ആണ്. ഇക്കാര്യം ഓഡിറ്റ് എൻക്വയറി മുഖാന്തിരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കവറേജ് 34% ആണ് എന്ന് മറുപടി നൽകി. ലഭ്യമാക്കിയ പ്ലാനിലും കവറേജ് 34% എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലഭ്യമാക്കിയ പ്ലാനിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്. പ്ലാനിൽ പ്ലോട്ട് ഏരിയ സർവ്വെ നം എന്നിവ രേഖപ്പെടുത്തിയിട്ടില്ല, 7/(4 To12 ) എന്ന് രേഖപ്പെടുത്തിയ കെട്ടിടങ്ങൾ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ

ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ മറുപടിയിൽ സ്ഥലത്തിന്റെ വിസ്തീർണ്ണം 18 (9+9 സെന്റ് )സെന്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സർവ്വെ നം രേഖപ്പെടുത്തിയിട്ടുള്ളത് കോട്ടപ്പടി വില്ലേജിലെ 268/1/6 മാത്രമാണ്. മാത്രവുമല്ല വസ്തുവിന്റെ ഉടമസ്ഥാവകാശം ആരുടെ പേരിലാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. ആകെ വസ്തുവിന്റെ വിസ്തീർണ്ണം,ഉടമസ്ഥാവകാശം, വസ്തുവിലുള്ള ആകെ കെട്ടിടങ്ങളുടെ വിവരം എന്നിവ ലഭ്യമായാൽ മാത്രമാണ് കവറേജ്, ഫ്ലോർ ഏരിയ എന്നിവ നിർണ്ണയിക്കാൻ സാധ്യമാകുന്നത്.

ഓഡിറ്റ് നിർദ്ദേശം

ഷോപ്പിംഗ് കോംപ്ലക്സ് റവന്യ രേഖകൾ പരിശോധിച്ച് സ്ഥല വിസ്തീർണ്ണം ഉറപ്പ് വരുത്തേണ്ടതും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 മൊബൈൽ ടവർ വസ്തു നികുതി -നിയമ നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ കെട്ടിട നം XII/144 പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ, കോട്ടപ്പടി മൊബൈൽ ടവറിന്റെ 2019-20 വർഷത്തെ വസ്തു നികുതി അടവാക്കിയിട്ടില്ല. കുടിശ്ശികയുൾപ്പെടെയുള്ള വസ്തു നികുതി അടവാക്കണമെന്നാവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഡിമാന്റ് നോട്ടീസ് നം | 76/2021/9.3.2021 |
| വസ്തു നികുതി കാലയളവ് | 2012-13 മുതൽ 2019-20 വരെ |
| ഡിമാന്റ് തുക | 31769/- |

പ്രസ്തുത ഡിമാന്റ് നോട്ടീസിന് എ.ജി.എം., ബി.എസ്.എൻ.എൽ. എറണാകുളം 15.03.2021 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ സൂചിപ്പിച്ചിരുന്ന താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 35/1.2.2022) 1.2.2022 ൽ മറുപടി ലഭ്യമാക്കി. ആയത് കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

**1.** ഡിമാന്റ് നോട്ടീസിന് മൂന്ന് വർഷം മുൻപുള്ള തുകകൾ ഗ്രാമ പഞ്ചായത്തിന് ഈടാക്കാൻ അർഹതയില്ലെന്ന് ബഹു:കേരള ഹൈക്കോടതിയുടെ RP No 411/2018/WA 2620/2017 ന്റെ അടിസ്ഥാനത്തിൽ ബി എസ് എൻ എൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് അതത് വർഷങ്ങളിലെ ഡിമാന്റ് നോട്ടീസ് സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് അതത് വർഷം ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് മറുപടി നൽകി.

**2.** മൊബൈൽ ടവർ അനുബന്ധ സ്ഥലങ്ങൾ എന്നിവയുടെ നികുതി നിർണ്ണയിച്ചതിൽ ആക്ഷേപം ഉള്ളതിനാൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തണമെന്ന് ബി.എസ്.എൻ.എൽ. ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടില്ല.

ബി.എസ്.എൻ.എൽ.-ഇൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിന് ആർ ആർ നടപടികൾ ആരംഭിച്ചിട്ടുള്ളതായി മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ഗ്രാമ പഞ്ചായത്തിന് അവകാശപ്പെട്ട വസ്തു നികുതി ഈടാക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കേണ്ടതും തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15-1 എം.എസ്.എം.ഇ. – വസ്തു നികുതി നടപടികൾ സ്വീകരിക്കണം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.02.2015 ലെ സർക്കാർ ഉത്തരവ് 36/2015 പ്രകാരം എം.എസ്.എം.ഇ. വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപന പ്രകാരം 15 രൂപ അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എം.എസ്.എം.ഇ. ഡെവലപ്പ്മെന്റ് ആക്റ്റ് 2006 പ്രകാരം കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്യുതും ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്ട്രേഷൻ ഉള്ളതുമായ വ്യവസായ സംരഭങ്ങൾക്കാണ് എം.എസ്.എം.ഇ. കൾക്കുള്ള നിരക്കിന് അർഹതയുള്ളത്. എത്ര സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി നിശ്ചയിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24/29.1.2022) മറുപടി ലഭ്യമാക്കിയില്ല.

പുതുതായി ആരംഭിക്കുന്ന എം.എസ്.എം.ഇ.കൾ 2019 ലെ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്റ്റ് പ്രകാരം നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കുകയാണെങ്കിൽ വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും അവയെ ഒഴിവാക്കിയിട്ടുണ്ട്.കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് എന്നിവക്ക് ഇപ്രകാരം ഒഴിവ് ലഭിക്കുന്നതാണ്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്ന് പ്രസ്തുത സംരഭങ്ങളെ ഒഴിവാക്കിയിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ നിയമാനുസൃതം ലഭിക്കേണ്ട നികുതികൾ നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയതും ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് 36/2015 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർദ്ദേശങ്ങൾ നൽകേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 'പെൻസിൽ' ക്യാമ്പ്-'കില'യിൽ നിന്ന് തുക തിരികെ ലഭ്യമായില്ല

ആരോഗ്യ രക്ഷയ്ക്ക് മാലിന്യമുക്ത പരിസരം എന്ന എന്ന വിഷയത്തിൽ ഹരിതകേരളം മിഷൻ കുട്ടികൾക്കുവേണ്ടി 'പെൻസിൽ' എന്ന പേരിൽ ഒരുക്കിയ അവധിക്കാല പഞ്ചായത്തുതല മെന്റേഴ്സ് ക്യാമ്പ് നടത്തിപ്പിനായി ചെലവഴിച്ച തുക 6475/- രൂപ വൗച്ചർ നം.51900145 തീയതി 30.5.2019 പ്രകാരം സി ഡി എസ് ചെയർ പേഴ്സണ് പഞ്ചായത്തിൽ

നിന്നും അനുവദിച്ച നൽകിയിട്ടുണ്ട്. കില ഡയറക്ടറുടെ 02.05.2019 ലെ കില/2019/101/2719/എച്ച് ക്യു നം. കത്തിൽ വാർഡുതല ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് (ഒരു വാർഡിൽ നിന്ന് 5 പേർ) ഭക്ഷണം, പരിശീലന സാമഗ്രികൾ എന്നിവയ്ക്ക് 100/-രൂപ വീതം കില നൽകും. ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഒറിജിനൽ ബിൽ, വൗച്ചർ, ഹാജർ ലിസ്റ്റ് എന്നിവ ഹാജരാക്കി ചെലവായ തുക കിലയിൽ നിന്ന് റീ ഇംബേഴ്സ് ചെയ്യാം. ഈ നിർദ്ദേശം പാലിച്ച് ചെലവു തുക പഞ്ചായത്ത് റീ ഇംബേഴ്സ് ചെയ്ത് വാങ്ങിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ 27.01.2022 ലെ 12 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കിലയിൽ നിന്ന് തുക തിരികെ ലഭ്യമായിട്ടില്ല എന്നാണ് മറുപടി ലഭ്യമായിട്ടുള്ളത്. തുക തിരികെ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 പരിരക്ഷ പദ്ധതി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ 2019-20 ൽ നടപ്പിലാക്കിയ പരിരക്ഷ (കിടപ്പിലായ രോഗികളുടെ പരിചരണം) - പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S80/20 |
| പേര് | പരിരക്ഷ(കിടപ്പിലായ രോഗികളുടെ പരിചരണം |
| അടങ്കൽ | 482000-(വികസന ഫണ്ട്-സാധാ) |
| ചെലവ് | 482000/- |
| ബിൽ നം./തീയതി/തുക | 01/2019-20/30.07.19, 114495/-<br>02/2019-20/29.08.19, 28930/-<br>03/2019-20/07.09.19, 28405/-<br>04/2019-20/15.10.19, 29300/<br>06/2019-20/13.11.19, 28325/-<br>07/2019-20/13.12.19, 30360/-<br>08/2019-20/06.02.20, 76105/-<br>09/2019-20/ 11.02.20, 27000/-<br>10/2019-20/ 16.3.20, 32415/-<br>11/2019-20/ 16.3.20, 50000/-<br>13/2019-20/ 30.3.20, 36665/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

**1)** പാലിയേറ്റീവ് കെയർ ഡ്രൈവറായ ശ്രീ .സജീവ് എം.ജി ക്ക് (മാഞ്ഞിനക്കുടി ഹൌസ് ) സെപ്റ്റംബർ മാസത്തെ ഹോം കെയർ പ്രവർത്തനത്തിന്റെ വേതനമായി ഒരു ദിവസം 750/- രൂപ നിരക്കിൽ 16 ദിവസത്തെ വേതനമായി 12000/- രൂപ അനുവദിക്കേണ്ടതിന് പകരം 12500/- രൂപ (തുക – 29,300/- ബിൽ നം.4/19-20 തീയതി 15.10.2019) നൽകിയിട്ടുണ്ട്. അധികം നൽകിയ 500/- രൂപ തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**2)** ഓഡിറ്റിന് ലഭ്യമാക്കിയ ഹോം കെയർ റിപ്പോർട്ട് പ്രകാരം 2019 സെപ്റ്റംബർ മാസത്തിൽ 9 ദിവസം മാത്രമാണ് രോഗീപരിചരണം നടത്തിയിട്ടുള്ളത്. 2019 ആഗസ്റ്റ് മാസത്തിലും 9 ദിവസം മാത്രമാണ് രോഗീപരിചരണം നടത്തിയിട്ടുള്ളത്. എന്നാൽ ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം മറ്റൊരു ഹോംകെയർ റിപ്പോർട്ട് ലഭ്യമാക്കുകയും ഈ റിപ്പോർട്ടിൽ യഥാക്രമം 16,15 ദിവസം ഹോം കെയർ നടന്നതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**3)** സ.ഉ.(സാധാ) നം. 3217/2015 ത.സ്വ.ഭ.വ തീയതി 29.10.2015 ഖണ്ഡിക നം. 2.6.2 (2) ഹോം കെയർ (ഗൃഹ പരിചരണം) പ്രകാരം ഓരോ രോഗിയുടേയും ആവശ്യവും ലഭ്യമാക്കേണ്ട പരിചരണവും അനുസരിച്ച് ഓരോ രോഗിക്കും മാസത്തിൽ എത്ര ഹോം കയർ നൽകണമെന്ന് ഹോം കെയറിന്റെ ഭാഗമായ പാലിയേറ്റീവ് കെയർ നഴ്സ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയെ അറിയിക്കേണ്ടതും അതു പ്രകാരം രോഗികളുടെ എണ്ണവും അവരുടെ ആവശ്യങ്ങളും പരിഗണിച്ച് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ആഴ്ചയിൽ എത്ര ഹോം കെയർ ദിനങ്ങൾ (നാലിൽ കുറയാതെ) വേണമെന്ന് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി തീരുമാനിക്കണം . എന്നാൽ ഹോം കെയർ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആഴ്ചയിൽ നാലിൽ കുറയാത്ത ഹോം കെയർ ദിനങ്ങൾ നടക്കുന്നില്ല.

**4)** സ.ഉ.(സാധാ) നം. 3217/2015 ത.സ്വ.ഭ.വ തീയതി 29.10.2015 ഖണ്ഡിക നം. 2.6.3(5) ഹോം കെയർ ടീം ,ഹോം കെയർ റിപ്പോർട്ട് പ്രകാരം ഗൃഹ സന്ദർശന വിവരങ്ങൾ (സന്ദർശിച്ച വീടുകൾ, പങ്കെടുത്തവരുടെ ഹാജർ,ചെലവ് മുതലായവ) അനുബന്ധം 3 ൽ കൊടുത്ത മാതൃകയിലുള്ള ഫോറത്തിലും രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങളും മറ്റ് വിവരങ്ങളും ഹോംകെയർ റിപ്പോർട്ട് ബുക്കിലും ഹോം കെയർ ചുമതലയുള്ള നഴ്സ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ഹോം റിപ്പോർട്ടിൽ രോഗീ പരിചരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. (ഉദാ. 22.8.2019 ൽ ഹോം റിപ്പോർട്ടിൽ ഒരു രോഗിയുടെ പേര് മാത്രമാണ് ചേർത്തിട്ടുള്ളത്.ഹോം കെയറിന്റെ ഭാഗമായി 12.8.19 ൽ 4 വീടുകളും, 14.10.2019 ൽ 3 വീടുകളുമാണ് സന്ദർശിച്ചിട്ടുള്ളത്. )

**5)** സ.ഉ.(സാധാ) നം. 3217/2015 ത.സ്വ.ഭ.വ തീയതി 29.10.2015 ഖണ്ഡിക നം. 2.6.3(6) പ്രകാരം ഓരോ ദിവസത്തേയും ഹോം കെയർ നടന്നു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 ൽ കൊടുത്ത മാതൃകയിലുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. ഗൃഹ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 മാതൃകയിലുള്ള ഫോറം മെഡിക്കൽ ഓഫീസർ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം മെഡിക്കൽ ഓഫീസർ ഹോംകെയർ റിപ്പോർട്ട് ബുക്ക് ഓരോ ദിവസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/31.1.2022)മറുപടി ലഭ്യമായിട്ടില്ല. ക്രമ നം. 1, 2, 3, 4, 5 എന്നിവയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-18 പഠനമുറി - 37,110/- രൂപ തിരികെ ഈടാക്കണം

ഫയൽ നം - എ6 – 2063/19

ഗ്രാമ പഞ്ചായത്തിൽ പഠനമുറിക്ക് ധനസഹായം അനുവദിച്ച വ്യക്തി ടി പഠനമുറി പൊളിച്ചു കളഞ്ഞതിനാൽ,നൽകിയ ധന സഹായത്തിൽ നിന്നും ഒരു ഭാഗം തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുക ഈടാക്കിയിട്ടില്ല. പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ ( സംക്ഷിപ്തം ) താഴെ ചേർക്കുന്നു.

1. തീരുമാനം നം 25/29.10.2019

2017-18 വർഷം പ്രൊജക്ട് നം 221 ഭാഗമായി പഠനമുറി അനുവദിച്ച ശ്രീ സന്തോഷ് പി കെ,പാറക്കൽ, വീട് പൊളിച്ച് പുതിയ വീട് പണിതതിനാൽ പഠനമുറിക്ക് അനുവദിച്ച 1,60,000/- രൂപ ദുർവിനിയോഗം ചെയ്തതായി കണക്കാക്കി കാരണം കാണിക്കൽ നോട്ടീസ് നൽകാൻ തീരുമാനിച്ചു. കൂടാതെ പഠനമുറിക്ക് വേണ്ടി ഗുണഭോക്താവ് ചെലവ് ചെയ്ത തുക നിർണ്ണയിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെടുകയും ചെയ്തു.

2. തീരുമാനം നം 23/10.2.2020

പഠനമുറിയുടെ നിർമ്മാണ ചെലവ് വിവരം പഞ്ചായത്ത് പരിശോധിച്ചു. ആകെ 1,22,890/- രൂപയുടെ പണി മാത്രമാണ് എന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ടിയാന് കൂടുതലായി നൽകിയ 37,110/- രൂപ തിരിച്ചടക്കാൻ ആവശ്യപ്പെടേണ്ടതാണ് എന്ന് സെക്രട്ടറി അറിയിച്ചു.ഇത് സംബന്ധിച്ച് വിശദമായ ചർച്ച അടുത്ത യോഗത്തിലേക്ക് മാറ്റി വെക്കാൻ തീരുമാനിച്ചു.

ശ്രീ സന്തോഷ് പി കെ ക്ക് തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് നം | ട്രാൻസ്ഫർ ചെയ്ത തീയതി | തുക |
|---|---|---|---|
| 1 | 67323450683 | 14.03.2018 | 50,000 |
| 2 | | 26.03.2018 | 30,104 |
| 3 | | 31.03.2018 | 19,896 |
| 4 | | 12.06.2018 | 60,000 |
| | | ആകെ | 1,60,000 |

3. പഞ്ചായത്ത് കമ്മറ്റിയുടെ 10.2.2020 ലെ തീരുമാനത്തിൽ വിശദമായ ചർച്ച അടുത്ത യോഗത്തിലേക്ക് മാറ്റി വെക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും അടുത്ത മീറ്റിംഗിൽ (20.02.2020 )പ്രസ്തുത വിഷയം പരിഗണിച്ചതായി കാണുന്നില്ല.

ഇക്കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/24.01.2022) 25.01.2022 ന് നൽകിയ മറുപടിയിൽ ശ്രീ സന്തോഷ് പി.കെ.-ക്ക് കൂടുതലായി നൽകിയ 37,110/- രൂപ തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ഭവന പദ്ധതി, പഠന മുറി ഇതര സബ്സിഡികളിൽ നിർമ്മാണ പുരോഗതി വിലയിരുത്തി മാത്രം തുക നൽകേണ്ടതാണ്. 37,110/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ സ.ഉ. (എം.എസ് ) നം. 278/2018 ധന . തീയതി 3.8.2018 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെൻഷനറുടെ മരണശേഷവും തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | ബാങ്ക്/ അക്കൗണ്ട് നം | അധികം നൽകിയ തുക, മാസം | തിരിച്ചടക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | കുര്യാക്കോസ് ഏലിയാസ് , കോച്ചറക്കാട്ട് | കർഷകത്തൊഴിലാളി പെൻഷൻ | 5.1.19 | State Bank Of India 67200593709 (SBIN0070829) | 2/19(1100), 3/19(1100) (1100) 4/19 (1200) | 4500/- |
| 2 | നീന കുഞ്ഞു മൊയ്തീൻ , നെടുമ്പറച്ചാലിൽ | ഇന്ദിരാഗാന്ധി ദേശീയ ഡിസ്സെബിലിറ്റി പെൻഷൻ സ്കീം-ശാരീരികം | 8.1.2019 | State Bank Of India 67360581429 (SBIN0070829) | 5/19, 6/19, 4/19, 2/19, 3/19, (1300/-) 7/19 | 7800/- |
| 3 | കേളൻ കല്ലിങ്ങക്കുഴി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7.2.19 | State Bank Of India 67201284373 (SBIN0070829) | 3/19, 4/19, 5/19, 6/19, 7/19(1500/-) | 7500/- |
| 4 | അയ്യപ്പൻ .ടി.എ. തുപ്പനാട്ട് | കർഷകത്തൊഴിലാളി പെൻഷൻ | 11.2.19 | State Bank Of India 67202024731 (Sbin0070829) | 3/19, 4/19, 5/19, 6/19, 7/19 (600) | 3000/- |
| 5 | ഔസേപ്പ് മത്തായി | ഇന്ദിരാഗാന്ധി ദേശീയ | 7.2.19 | State Bank Of India | 3/19(1500), | 4800/- |

| | | | | | | |
|---|---|---|---|---|---|---|
| | അറയാനിക്കൽ | വാർദ്ധക്യകാല പെൻഷൻ | | 67234727567 (SBIN0070829) | 4/19(1500), 5/19, 6/19, 7/19 (600) | |
| 6 | അന്നക്കുട്ടി മത്തായി കൊച്ചുപുരക്കൽ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 21.2.19 | State Bank Of India 67280521491 (SBIN0070829) | 3/19, 4/19, 5/19, 6/19, 7/19 (1500) 7500/- | 7500/- |
| 7 | കാളി വെള്ളാനി വെട്ടിക്കാട്ട് | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 10.12.18 | Union Bank Of India 423902010005598 (UBIN0542393) | 1/19, 2/19, 3/19(1100/-) 4/19(1200)/- 5/19(1200) 6/19,(1200), 7/19 (1200/-) | 8100/- |
| 8 | താരിയത്ത് കെ.വി കാക്കത്തോടൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.3.19 | State Bank Of India 67365082051 (SBIN0070829) | 4/19, 5/19, 6/19, 7/19 (1500/-) | 6000/- |
| 9 | അബൂബക്കർ മൈതീൻ ഇടയപ്പുറം (ഹൗസ്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.3.19 | State Bank Of India 67381317347 (SBIN0070829) | 4/19(1200/-), 5/19(1200/-), 6/19 (1200/-), 7/19 (1200/-) | 4800/- |
| 10 | കാളിയരങ്ക പരുത്തിക്കുടി | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 11.6.19 | State Bank Of India 67354090891 (SBIN0070829) | 7/19(1200/-) | 1200/- |
| ആകെ | | | | | | 55200/- |

പെൻഷനറുടെ മരണശേഷം അധികം നൽകിയിട്ടുള്ള 55200/-രൂപ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/1.2.2022) മറുപടി ലഭ്യമായിട്ടില്ല. അധികം നൽകിയിട്ടുള്ള ഈ തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ലെങ്കിൽ ആയത് തിരിച്ചടച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ അനർഹമായി പെൻഷൻ തുകകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവ കണ്ടുപിടിച്ച് അവരെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതും അനർഹമായി കൈപ്പറ്റിയ തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-20 തെറ്റായ നിരക്കിലെ വൈദ്യുതി ചാർജ് മൂലം തുക കൂടുതൽ അടവാക്കുന്നു.

**1.** പഞ്ചായത്ത് ഓഫീസിന്റെ വൈദ്യുതി ചാർജിന്റെ താരിഫ് നിർണ്ണയത്തിലെ അപാകത മൂലം അധിക ചാർജ് അടവാക്കി വരുന്നതായി കാണുന്നു. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 1007/F&T/KSERC/2016 Dated 17.04.2017, 560/DD(T)/2018/KSERC ORDER Dated 29.03.2019 എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ളത് LT 6B താരിഫ് ആണ്. എന്നാൽ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ വൈദ്യുതി ചാർജ് കണക്കാക്കിയിട്ടുള്ളത് ഇൻകംടാക്സ്, സെൻട്രൽ എക്സൈസ് ഓഫീസുകൾ, ബാങ്കുകൾ, എ ടി എം എന്നിവയ്ക്ക് ബാധകമായിട്ടുള്ള LT 6C താരിഫ് നിരക്കിലാണ്. LT 6B, LT 6C എന്നിവ പ്രകാരമുള്ള വൈദ്യുതി നിരക്ക് താഴെ ചേർക്കുന്നു.

| | LT 6C | LT 6B |
|---|---|---|
| (എ)ഫിക്സഡ് ചാർജ് (Rs. Per KW) | 180 | 80 |
| (ബി) എനർജി ചാർജ് | | |
| 500 Kwh അല്ലെങ്കിൽ അതിൽ കുറവ് | 7 | 6.30 |
| 500 Kwh ന് മുകളിൽ | 8.50 | 7.00 |

ഏപ്രിൽ 2019 ൽ ലഭ്യമാക്കിയ (ദ്വൈ മാസ) ബില്ലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| കൺസ്യൂമർ നം | 1155883016383 |
| ബിൽ നം | 5588190404489/06.04.2019 |
| താരിഫ് | LT 6C |
| വൈദ്യുതി ചാർജ് | 13112/- രൂപ |

പഞ്ചായത്ത് ഓഫീസിലെ വൈദ്യുതി കണക്ഷന്റെ കണക്റ്റഡ് ലോഡ് 8200 വാട്ട്സും 04/2019 ലെ ദ്വൈമാസ ബിൽ പ്രകാരമുള്ള ഉപഭോഗം 1052 യൂണിറ്റും ആണ്. LT 6C, LT6B എന്നീ നിരക്കുകൾ പ്രകാരം വൈദ്യുതി ചാർജ് നിർണ്ണയിക്കുമ്പോൾ വരുന്ന വ്യത്യാസം താഴെ കൊടുക്കുന്നു.

| | | | LT 6C | | LT 6B | | വ്യത്യാസം |
|---|---|---|---|---|---|---|---|
| | കണക്റ്റഡ് ലോഡ് | ഉപഭോഗം | നിരക്ക് | തുക | നിരക്ക് | തുക | |
| ഫിക്സഡ് ചാർജ് | 9kW | | 180 | 3240 (1620x2മാസം) | 80 | 1440 (720x2 മാസം) | 1800 |
| എനർജി ചാർജ് | | 1052 | 8.50 | 8942 | 7 | 7364 | 1578 |

| | | | | | | |
|---|---|---|---|---|---|---|
| | | യൂണിറ്റ് | | | | |
| ഇലക്ട്രിസിറ്റി ഡ്യൂട്ടി | | | 894.20 | | 736.40 | 157.80 |
| മീറ്റർ വാടക | | | 30 | | 30 | 0 |
| ജി എസ് ടി | | | 5.40 | | 5.40 | 0 |
| ആകെ | | | 13111.6<br>13112 (Rounded) | | 9575.8<br>9576(Rounded) | 3535.8<br>3536(Rounded) |

തെറ്റായ നിരക്കിൽ വൈദ്യുതി ചാർജ് നിർണ്ണയിക്കുന്നത് മൂലം 04/2019 ലെ ബില്ലിൽ മാത്രം 3536/- രൂപ കൂടുതലായി അടവാക്കിയിട്ടുണ്ട്. ഈ അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 27.01.2022 ൽ നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കെ എസ് ഇ ബി നൽകുന്ന ഡിമാൻഡ് & ഡിസ്കണക്ഷൻ നോട്ടീസിലെ തുക പ്രകാരമാണ് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നതെന്നും നിരക്ക് പുനർനിർണ്ണയിച്ച് തുക ക്രമീകരിച്ച് ലഭിക്കുന്നതിന് കുറുപ്പംപടി, കോതമംഗലം ഇലക്ട്രിസിറ്റി സെക്ഷനുകളിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. തെറ്റായ നിരക്കിലുള്ള ചാർജ് അടവാക്കുന്നത് മൂലം പഞ്ചായത്തിന് അധികച്ചെലവ് വന്നുകൊണ്ടിരിക്കുന്നതിനാൽ അപാകത പരിഹരിച്ച് വരുന്ന ബില്ലുകളിൽ തുക ക്രമീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

**2.** പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഏഴാം വാർഡിലെ മുണ്ടൂർ വിജ്ഞാനവാടിയുടെ കൺസ്യൂമർ നമ്പർ -1156001039904 നമ്പർ പ്രകാരമുള്ള വൈദ്യുതി കണക്ഷന്റെ താരിഫ് LT 7A ആണ്. LT 7A കൊമേഴ്സ്യൽ താരിഫ് ആണ്. കണക്ടഡ് ലോഡ് 700 വാട്ട്സ് ഉള്ള ഈ കണക്ഷന്റെ 1/2020 ലെ 5600200103249 നമ്പർ ബിൽ പ്രകാരമുള്ള ദ്വൈമാസ വൈദ്യുതി ചാർജ് 189/- രൂപയാണ്. വിജ്ഞാനവാടിയിൽ നിലവിൽ പഞ്ചായത്ത് മുഖേന സൗജന്യ കമ്പ്യൂട്ടർ പരിശീലനം മാത്രമാണ് നൽകി വരുന്നത്. വാണിജ്യ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ള LT 6B താരിഫിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ക്യാൻസർ വിമുക്ത കേരളം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2019-20 സാമ്പത്തികവർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി. കോട്ടപ്പടി നടപ്പിലാക്കിയ ക്യാൻസർ വിമുക്ത കേരളം എന്ന പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസുകൾ നടത്തിയതിന് ചായ, ലഘുഭക്ഷണം എന്നിവ നൽകുന്നതിനും ബാനർ വാങ്ങിയതിനും താഴെപ്പറയും പ്രകാരം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | So 204/2019-20 |
| പ്രൊജക്ടിന്റെ പേര് | ക്യാൻസർ വിമുക്ത എറണാകുളം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച് .സി /സിഎച്ച്.സി. കോട്ടപ്പടി |
| അടങ്കൽ തുക | 75170/-( 35170/- വികസന ഫണ്ട് 40000/- തനതു ഫണ്ട്) |
| ചെലവ് തുക/ബിൽ നം/ തീയതി | 35170/,12/19-20,18.3.20 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു
**1)** ഫയൽ പരിശോധിച്ചതിൽ നിന്നും പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി 17.1.20 മുതൽ 9.2.20 വരെയുള്ള വിവിധ തീയതികളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന് നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ക്ലാസ്സുകൾ നടത്തിയതിന്റെ രേഖകളും പങ്കെടുത്തവരുടെ ലിസ്റ്റും ഫയലിൽ ലഭ്യമല്ല .
**2)** ഗ്രാമപഞ്ചായത്തിൽ ബോധവൽക്കരണ ക്ലാസിനോടൊപ്പം ക്യാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ., തീ.14.02.18 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 8.4 പ്രകാരം, ഉത്പാദനപരമല്ലാത്ത പരിപാടിയായ ബോധവൽക്കരണ ക്യാംപയിനുകൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടില്ല. ക്യാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആരോഗ്യ ക്യാമ്പുകൾ മാത്രം അനുവദനീയമാണ്. മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കുവാനും പരാമർശത്തിലെ മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/31.1.2022)മറുപടി ലഭ്യമായിട്ടില്ല. ക്രമ നം.1,2 ലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ജില്ലാ ആസൂത്രണസമിതിയാണ് സമഗ്രക്യാൻസർ നിയന്ത്രണ പരിപാടി ജില്ലയിലൊട്ടാകെ ആസൂത്രണം ചെയ്തിരിക്കുന്നത്.ജില്ലാ ആസൂത്രണസമിതിയുടെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തുകൾ അതാതു ആരോഗ്യസ്ഥാപനം വഴി എല്ലാ വാർഡുകളിലും കുറഞ്ഞത് ഒരു ക്യാൻസർ അവബോധ പരിപാടിയെങ്കിലും പൊതുജനങ്ങൾക്കായി നടത്തേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ വാർഡുകളിൽ നിന്നും ക്യാൻസർ രോഗം സംശയിക്കപ്പെടുന്നവർക്കുള്ള പ്രിലിമിനറി സ്ക്രീനിംഗ് മെഡിക്കലാഫീസറുടെ നിർദ്ദേശാനുസരണം നടത്തുകയും ജെ.പി.എച്ച് .എൻ/ജെ.എച്ച്.ഐ വഴി ബന്ധപ്പെട്ട ആരോഗ്യസ്ഥാപനത്തിൽ നടത്തുകയും ബയോപ്സി/ എഫ്.എൻ.എ.സി/ പാപ്സ്മീർ തുടങ്ങി കൂടുതൽ പരിശോധന ആവശ്യമുള്ളവരെ ബന്ധപ്പെട്ട താലൂക്ക്/ ജില്ലാ/ ജനറൽ ആശുപത്രിയിലേക്ക് റെഫർ ചെയ്യേണ്ടതുമാണ്. ബോധവൽക്കരണ ക്ലാസിനോടൊപ്പം ക്യാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ നിർബന്ധമായും ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

## 1-22 ഓണം അഡ്വാൻസ് ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്

പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ശ്രീ കെ.കെ. പ്രകാശ്, ഹെഡ് ക്ലർക്കിന് 17.09.2016 ൽ ഓണം അഡ്വാൻസായി അനുവദിച്ച 15000/- രൂപയിൽ 6000/- രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നുണ്ട് (അഡ്വാൻസ് രജിസ്റ്റർ പേജ് നം 10. ബാലൻസ് B 18, 460100101). അഡ്വാൻസ് അനുവദിച്ച് അഞ്ച് വർഷം പൂർത്തിയായിട്ടും തുക തിരികെ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27.01.2022 ലെ 14ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ പേജ് നമ്പർ 46 ലെ രേഖപ്പെടുത്തൽ പ്രകാരം ജീവനക്കാരൻ സ്ഥലം മാറിപ്പോയതിന് ശേഷം ജോലി ചെയ്തിരുന്ന പഞ്ചായത്തിൽ നിന്ന് ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത തുക ഡിഡി നം.918311 തീയതി 28.03.2017 മുഖേന ലഭിച്ചിരുന്നു. 02.05.2017 ലെ 117020400000 രസീത് മുഖേന ഈ തുക വരവ് വയ്ക്കുകയും ചെയ്തു. എന്നാൽ കോട്ടപ്പടി സർവീസ് സഹകരണ ബാങ്കിൽ നിന്ന് ഡിഡി പണമാക്കുന്നതിൽ വീഴ്ച വരികയും കണക്കിൽ ക്രമീകരിക്കാത്ത മുൻകൂർ ഇനത്തിൽ തുക വീണ്ടും രേഖപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ജീവനക്കാരന്റെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത തുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കി മുൻകൂർ ക്രമീകരിച്ച് ഓഡിറ്റിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-23 ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - നിർദ്ദേശം പാലിക്കപ്പെട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് കൂടി ഉപയോഗിച്ച് ടാറിംഗ് ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ 22.02.2018,19.3.2019,26.04.2019,02.12.2019 എന്നീ തീയതികളിലെ ഡിബി3-4620/2019/സി ഇ /തസ്വഭവ പരിപത്രങ്ങൾ മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിർദ്ദശ പ്രകാരം 2019-20 ൽ 20% റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിർബന്ധമായും ഷ്രെഡഡ് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി നിർമ്മാണം നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ ടാറിംഗ് പ്രവൃത്തികൾ | 37 |
| ഷ്രെഡഡ് പ്ലാസ്റ്റിക് ഉൾപ്പെടുത്തിയ ടാറിംഗ് പ്രവൃത്തികൾ | 3 |
| ശതമാനം | 17 |

ഓഡിറ്റ് നിർദ്ദേശം

നിർദ്ദേസാനുസരണം ഷ്രെഡഡ് പ്ലാസ്റ്റിക് ഉൾപ്പെടുത്തി പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 1-24 പൊതുമരാമത്ത് പ്രവൃത്തികൾ- റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് , കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ (ഗ്രാവൽ റോഡ്, മെറ്റൽ റോഡ് , ടാർ റോഡ് ഇനം തിരിച്ച്) എന്നിവ തയ്യാറാക്കിയിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/29.1.2022 ) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

കണക്ടിവിറ്റി മാപ്പ് , കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ മുതലായവ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ഇ ഗവേണൻസ് - കംപ്യൂട്ടറുകളുടെ പ്രവർത്തന വിലയിരുത്തൽ

ഗ്രാമ പഞ്ചായത്തിലെ ഇ ഗവേണൻസ് പ്രവർത്തനങ്ങളുടെ ഭാഗമായ കംപ്യൂട്ടറുകളുടെ പ്രവർത്തന വിലയിരുത്തൽ താഴെ ചേർക്കുന്നു.

**1.** 2019-20 ൽ ഇ ഗവേണൻസ് മെച്ചപ്പെടുത്തൽ പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 206/20 |
| പ്രൊജക്ടിന്റെ പേര് | ഇ ഗവേണൻസ് പ്രവർത്തനങ്ങൾമെച്ചപ്പെടുത്തൽ |
| അടങ്കൽ | 164043 |
| ചെലവ് | 10000 /- (2019-20 ലെ ചെലവ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രൊജക്ടിന്റെ ഭാഗമായി 2019-20 ൽ ആന്റി വൈറസുകൾ കംപ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ബില്ലിന്റെ വിശദ വിവരം.

| | |
|---|---|
| സ്ഥാപനം | അലൈൻ ഇൻഫോടെക്ക്, കൊച്ചി. |
| ബിൽ നം | 610/19-20/16.03.3030 |
| ആന്റി വൈറസ് പാക്കേജുകളുടെ എണ്ണം | 1 സർവർ കംപ്യൂട്ടർ + 15 ക്ലയന്റ് കംപ്യൂട്ടർ |
| തുക | 10000 |

ടെക്നിക്കൽ അസിസ്റ്റന്റിന്റെ 18.03.20 ലെ റിപ്പോർട്ട് പ്രകാരം 1 സർവർ കംപ്യൂട്ടറിലും 12 ക്ലയന്റ് കംപ്യൂട്ടറുകളിലുമാണ് ആന്റി വൈറസുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത്. ഇൻസ്റ്റാൾ ചെയ്യാത്ത ആന്റി വൈറസ് പാക്കുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ബാർ കോഡ് |
|---|---|

| | |
|---|---|
| 1 | H19 -IER1-12641 |
| 2 | H19 -IER1-12615 |
| 3 | H19 -IER1-126244 |

ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/29.01.2022) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മറുപടിയിൽ 3 ക്ലയന്റ് കംപ്യൂട്ടറുകൾ മെയിന്റനൻസിന് കൊടുത്തതിനാലും മെയിന്റനൻസിന്റെ ഭാഗമായി ഫ്രീ ആയി ആന്റി വൈറസ് ഇൻസ്റ്റാൾ ചെയ്ത് തന്നു എന്നും അറിയിച്ചു.

**2.** ഗ്രാമ പഞ്ചായത്തിലെ കംപ്യൂട്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ ലാപ്പ് ടോപ്പുകളുടെ എണ്ണം | 4 |
| ആകെ ഡെസ്ക് ടോപ്പുകളുടെ എണ്ണം | 24+1 സെർവർ |
| നിലവിൽ പ്രവർത്തന ക്ഷമമായ ലാപ്പ് ടോപ്പുകളുടെ എണ്ണം | 4 |
| നിലവിൽ പ്രവർത്തന ക്ഷമമായ ഡെസ്ക് ടോപ്പുകളുടെ എണ്ണം | 18+സെർവർ |

പ്രവർത്തന ക്ഷമമല്ലാത്ത കംപ്യൂട്ടറുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**3.** ഹാർഡ് വെയർ കംപ്ലയിന്റ് രജിസ്റ്ററിൽ അറ്റകുറ്റപ്പണി നടത്തുന്ന കംപ്യൂട്ടറുകളുടെ സീരിയൽ നം ചേർക്കുന്നില്ല. ഇക്കാരണത്താൽ ഏതെല്ലാം കംപ്യൂട്ടറുകളിലാണ് അറ്റകുറ്റപ്പണി ചെയ്തിരിക്കുന്നത് എന്ന് വ്യക്തമല്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സോഫ്റ്റ് വെയറുകൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ വാങ്ങുന്നതിന് ശ്രമിക്കേണ്ടതാണ്. രജിസ്റ്ററുകളിൽ അവശ്യം വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. അവശേഷിക്കുന്ന ആന്റി വൈറസ് നിലവിലുള്ള കംപ്യൂട്ടറുകളിൽ ഉപയോഗിച്ചവയുടെ കാലാവധി തീരുന്ന മുറയ്ക്ക് ഇൻസ്റ്റാൾ ചെയ്ത് ഉപയോഗപ്രദമാക്കേണ്ടതാണ്.

## 1-26 അങ്കണവാടി അനുപൂരക പോഷകാഹാരം - വിതരണത്തിന് മുൻപ് ഗുണനിലവാര പരിശോധന നടത്തുന്നില്ല

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ഐ.സി.ഡി.എസ്. ബി3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി കാണുന്നില്ല. ഗുണനിലവാര സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 27.01.2022 ലെ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ന്യൂട്രിമിക്സ് സാംപിൾ സി.ഡി.പി.ഒ.-യിൽ നിന്ന് പരിശോധനയ്ക്ക് അയച്ചിരുന്നുവെന്നും പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടില്ലായെന്നുമാണ് അറിയിച്ചത്. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധനാഫലം ലഭ്യമാകാറില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെടുന്നുമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 അങ്കണവാടിയിലേക്ക് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| പ്രോജക്ട് നം | 38/20 |
| അടങ്കൽ | 100000/-(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ചെലവ് | 54224/- |
| ബിൽ നം., തീയതി | 18/19-20 തീയതി 21.02.2020 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ നാല് അലമാരകളും 14 ഗ്യാസ് സ്റ്റൗവും ടെൻഡർ മുഖേന വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തിൽ ആകെയുള്ള 15 അങ്കണവാടികളിൽ 14 എണ്ണത്തിലെയും ഗ്യാസ് സ്റ്റൗ മാറ്റി പുതിയവ വാങ്ങി നൽകിയിട്ടുണ്ട്. പഴയ സ്റ്റൗ തിരികെ വാങ്ങി സ്റ്റോക്കിലെടുക്കുകയോ, മൂല്യനിർണ്ണയം നടത്തി വിൽപ്പന നടത്തുകയോ ചെയ്തിട്ടില്ല.

2. വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിലുണ്ടെങ്കിലും വിതരണത്തിന് മുൻപ് സ്റ്റോക്കിലെടുത്തിട്ടില്ല.

3. സ ഉ (പി) നം.2/2018 എസ് പി ഡി തീയതി 28.04.2018, സ ഉ (പി) നം.7/2019 എസ് പി ഡി തീയതി 26.04.2019 എന്നിവ പ്രകാരം ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലെയ്സിൽ നിന്ന് ഉപകരണങ്ങൾ വാങ്ങണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 25.01.2022 ലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ പഴയ സ്റ്റൗ അങ്കണവാടിയിൽ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെന്നും വകുപ്പിൽ നിന്ന് നിർദ്ദേശം ലഭിക്കാത്തതിനാലാണ് ഇവ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാത്തതെന്നുമാണ്. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുന്നത് സംബന്ധിച്ച് അറിവില്ലാത്തതിനാലാണെന്നും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലെയ്സിൽ നിന്ന് വാങ്ങൽ നടത്തണമെന്ന് അറിയില്ലായിരുന്നെന്നും ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വാങ്ങിയ അലമാരകളും ഗ്യാസ് സ്റ്റൗവും സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കേണ്ടതും പഴയ സ്റ്റൗ അങ്കണവാടികളിൽ നിന്നും തിരികെ വാങ്ങി മൂല്യനിർണ്ണയം നടത്തി ലേലം

ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിച്ച് മാത്രം വാങ്ങൽ നടത്തേണ്ടതാണ്.

## 1-28 തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

ജി.ഒ.(എം.എസ്.)34/2003/പി.ഡി./02.12.2003 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മീറ്റർ സമ്പ്രദായം സ്വീകരിക്കാൻ സ്ഥാപനങ്ങൾക്ക് ഓപ്ഷൻ ഉണ്ട്. പഞ്ചായത്തിലെ ഹൈമാസ്റ്റ് ലൈറ്റുകൾക്ക് മാത്രമാണ് മീറ്റർ സംവിധാനം ഉള്ളത്. മറ്റ് തെരുവ് വിളക്കുകൾക്ക് കൺസ്യൂമർ നമ്പർ 1156007018509, 1155885003551 എന്നിവ പ്രകാരം രണ്ട് ബില്ലുകളാണ് ദ്വൈമാസം വരുന്നത്. ഈ തെരുവ് വിളക്കുകളുടെ ഏപ്രിൽ 2019 ലെ ബിൽ നം.5600190401812 , 5588190408093 എന്നിവ പ്രകാരം യഥാക്രമം 33630/- രൂപ 14809/- രൂപ എന്നിങ്ങനെയാണ് വൈദ്യുതി ചാർജ്. മീറ്ററിംഗ് നടത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കെ എസ് ഇ ബി യുടെ LT VIII A താരിഫ് പ്രകാരമുള്ള പട്ടികയിലെ നിരക്ക് പ്രകാരമാണോ നിർണ്ണയിച്ചിട്ടുള്ളതെന്ന് പരിശോധിക്കുവാൻ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ആകെ എണ്ണം, ഇനം തിരിച്ചുള്ള വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 29.01.2022 ൽ നൽകിയ 29ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഹൈമാസ്റ്റ് ഒഴികെയുള്ള തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് പഞ്ചായത്ത് സൂക്ഷിച്ചുവരുന്നില്ല. 667606/- രൂപയാണ് 2019-20 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ചെലവ് വന്നിട്ടുള്ളത്. ഈ ചെലവിന്റെ കൃത്യത ഉറപ്പാക്കാൻ തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതുണ്ട്. തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കുവാനും ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും പരാതി രജിസ്റ്ററും ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ തെരുവ് വിളക്കുകളുടെ പ്രകാശിപ്പിക്കലും പരിപാലനവും കാര്യക്ഷമമാക്കുവാൻ എണ്ണം, ഇനം എന്നിവ തിരിച്ചുള്ള രജിസ്റ്ററും, പരാതി രജിസ്റ്ററും എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-29 തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം 1/23.1.2022, 30/1.2.2022) എന്നിവക്ക് 1.2.2022 ന് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

**1.** കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല.

സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് 2019-20 ൽ കരാർ നൽകിയിട്ടുള്ളത് ശ്രീ സാനു വർഗ്ഗീസ്, തൃശ്ശൂർ എന്നയാൾക്കാണ്. ആദായ നികുതി നിയമം സെക്ഷൻ 194(സി) പ്രകാരം പ്രവൃത്തി ചെയ്യുന്നത് കരാറുകാരനിൽ നിന്നും 1% ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യണം. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| നൽകിയ തുക | 235840 |
| എഫ്.ടി.ഒ. നം. | 28732/28.05.2020<br>212734/2.12.2020<br>242528/28.05.2020 |
| ഈടാക്കേണ്ട ടി.ഡി.എസ്. | 2358 |

കരാറുകാരന്റെ ഇ.എം.ഡി. തുകയിൽ നിന്ന് ആദായ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി.

**2.** ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് നിയമാനുസൃത ജി.എസ്.ടി (ടി.ഡി.എസ്.) ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ഇ ജി എസ് - സി /16/ആർ ഇ ജി എസ് നം സർക്കുലർ പ്രകാരം ജി.എസ്.ടി (ടി.ഡി.എസ്.) തുക വെണ്ടർ/കരാറുകാരൻ നേരിട്ട് പഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് (എം.ഐ.എസ്.-ൽ ഉറവിടത്തിൽ കുറവ് ചെയ്യുന്നത് സാധ്യമല്ലാത്തതിനാൽ) ബിൽ തുക സെറ്റിൽ ചെയ്യേണ്ടത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പ്രവൃത്തികളുടെ 2.5 ലക്ഷത്തിനു മുകളിലെ ബില്ലുകളിൽ നിന്ന് ഇപ്രകാരം ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല.

2019-20 ൽ മെറ്റീരിയൽ വർക്കുകൾ നടത്തി തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ എം ബുക്ക് നം | കരാറുകാരന്റെ പേര് | കരാറുകാരനു നൽകിയ തുക | തുക നൽകിയതിന്റെ വിവരം | ഈടാക്കേണ്ട ജി.എസ്.ടി. (ടി.ഡി.എസ്) |
|---|---|---|---|---|---|
| 1 | വടാശ്ശേരി മുണ്ടൂർ പാടം ഹരിനഗർ റോഡ് | എൻ ബി മൈതീൻ | 3,55,980/- | FTO No 101040 തീയതി 18.03.2020 | 3,560/- |
| 2 | ഹൈലെവൽ കനാൽ ചിറ്റേത്തുകടി റോഡ് കോൺക്രീറ്റ് | എൻ ബി മൈതീൻ | 3,81,045/- | FTO No 101040 തീയതി 18.03.2020,<br>FTO No 101044 തീയതി 28.05.2020 | 3,810/- |
| ആകെ | | | | | 7370 |

ജി.എസ്.ടി. (ടി.ഡി.എസ്.) ഈടാക്കുന്നതിന് കരാറുകാരന് കത്ത് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

**3.** എം ബുക്കുകളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതിന്റെ വിവരം രേഖപ്പെടുത്തുന്നില്ല.

**4.** സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കുന്നില്ല.

**5.** മിക്സർ മെഷീൻ ടെണ്ടർ ഇനങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.

**6.** ടെണ്ടർ ഫോമുകളിലെ തിരുത്തലുകൾ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഓഡിറ്റ് നിർദ്ദേശം

കരാറുകാരുടെ ബില്ലുകളിൽ നിന്ന് നിയമാനുസൃതം നികുതികൾ കിഴിവ് ചെയ്ത് അടവാക്കേണ്ടതാണ്. ടെണ്ടർ നടപടികളിൽ എല്ലാ ഇനങ്ങളുടെ ഉൾപ്പെടുത്തേണ്ടതും ഫയലുകളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കേണ്ടതുമാണ്.

## 1-30 ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പദ്ധതി - രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | So 126/120 |
| പ്രൊജക്റ്റിന്റെ പേര് | ഗവ.യു.പി സ്കൂൾ വടാശ്ശേരി, ഗവ.എൽ.പി.എസ് നോർത്ത്, സൌത്ത്<br>എന്നിവിടങ്ങളിൽ ബയോ ഡൈവേഴ്സിറ്റി പാർക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ .പി സ്കൂൾ |
| അടങ്കൽ തുക | 30000/- |
| ചെലവ് തുക/ബിൽ നം./ തീയതി | 29922/- (ബിൽ നം. 2/19-20 തീയതി 30.3.2020) |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1)** മേൽ പദ്ധതി പ്രകാരം നവ്യ കോൺക്രീറ്റ് പ്രോഡക്ട്സ് അശമന്നൂർ, നിന്നും 16947/- രൂപക്ക് (ഇൻവോയിസ് നം. പി.സി 628 തീയതി 4.3.20) 313 കോൺക്രീറ്റ് ചട്ടികളാണ് വാങ്ങിയിട്ടുള്ളത് . കൂടാതെ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ആരോമാറ്റിക് & മെഡിസിനൽ പ്ലാന്റ്സ് & റിസർച്ച് സ്റ്റേഷൻ ഓടക്കാലി നിന്നും ഇൻവോയിസ് നം .304/K/000030/19-20,17.3.20 പ്രകാരം 150/- രൂപക്ക് 3 എണ്ണം ചെടികളും ,ഇൻവോയിസ് നം. 304/K/000031/19-20 തീയതി 17.3.20 പ്രകാരം 1785/- രൂപക്ക് 112 എണ്ണം പാഷൻ ഫ്രൂട്ട് ,പെപ്പെർ ലെയർ തുടങ്ങിയ വിവിധ ഔഷധ സസ്യങ്ങളും വാങ്ങിയിട്ടുണ്ട്.മേൽ പറഞ്ഞ ഇനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 115 ഔഷധ സസ്യങ്ങൾ നടാനായി 313 ചട്ടികൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

**2)** ഹെൽപ്പർമാരായ ജയ്മോൻ വി.എസ്., ശോഭന.കെ.കെ., ദിവ്യമോൾ ജോളി എന്നിവർക്ക് 2020 മാർച്ച് മാസം 10 ദിവസം ജോലി ചെയ്ത വകയിൽ ഒരു ദിവസം 368/- രൂപ വച്ച് ആകെ 11040/- രൂപയും നൽകിയിട്ടുണ്ട്. ആയതിന്റെ കമ്മറ്റി തീരുമാനം ഫയലിൽ ലഭ്യമല്ല.

ക്രമ നം. 1, 2, 3 എന്നിവയിലെ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/31.1.2022) മറുപടി ലഭ്യമായിട്ടില്ല. മേല്പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-31 മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഭാഗികമായി മാത്രം ഹാജരാക്കി

മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡൊന്നിന് 10000/- നിരക്കിൽ പതിമൂന്ന് വാർഡുകളിലേക്കായി വൗച്ചർ നമ്പർ 21901064 തീയതി 28.03.2020 പ്രകാരം 130000/- രൂപ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.-ക്ക് മുൻകൂർ അനുവദിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

1) 3, 4, 5 വാർഡുകളിലെ ചെലവ് രേഖകളും പാസ്ബുക്കുകളും

2) വാർഡ് നം.1 ലെ മിനിട്ട്സ് ബുക്ക് മാത്രമാണ് ഹാജരാക്കിയത്. 10000/-രൂപ ചെലവായതിന്റെ വൗച്ചറുകളും, പാസ്ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ലഭ്യമായില്ല.

3) വാർഡ് നം.13 ലെ 6500/- രൂപയുടെ വൗച്ചർ മാത്രമാണ് ഫയലിലുള്ളത്. അവശേഷിക്കുന്ന 3500/- രൂപയുടെ വൗച്ചറുകൾ ഹാജരാക്കിയില്ല.

മുൻകൂർ രജിസ്റ്ററിലും വാർഷിക ധനകാര്യ പത്രികയിലും മഴക്കാല പൂർവ്വ ശുചീകരണത്തിന് നൽകിയ തുക ക്രമീകരിക്കുവാനുള്ള മുൻകൂർ ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രേഖകൾ ഹാജരാക്കുവാനും മുൻകൂർ നൽകി 22 മാസത്തിന് ശേഷവും ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കാത്തതിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ 02.02.2022 ലെ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. വാർഡ് 3, 5 എന്നിവയിൽ ശുചീകരണത്തിന് മേൽനോട്ടം വഹിച്ച ജീവനക്കാരൻ കൊവിഡ് 19 പോസിറ്റീവ് ആയതിനാൽ രേഖകൾ ഹാജരാക്കുവാൻ ബുദ്ധിമുട്ടുള്ളതായി വാക്കാൽ അറിയിച്ചിരുന്നു. ജീവനക്കാരൻ തിരികെ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. അതുവരെ വൗച്ചറുകൾ ലഭ്യമാക്കാത്ത 43500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ആസ്തി സംരക്ഷണം - ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് (കൈ)11/2018/തസ്വഭവ തീയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7 ൽ മെയിന്റനൻസ് ഫണ്ടും കഴിയുന്നത്ര തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.കൂടാതെ ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ ആസ്തി സംരക്ഷണ പ്രൊജക്ടുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം17/28.1.2022, 11/25.1.2022) എന്നിവക്ക് ഭാഗികമായി മറുപടി ലഭ്യമാക്കി. ആയത് കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടതിന് തയ്യാറാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സചിത്ര സോഫ്റ്റ് വെയറിൽ വിവരങ്ങൾ ചേർത്ത് അപ് ഡേറ്റ് ചെയ്യേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം ഐ ബി 1/141/2017/23.08.2017 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 28.01.2022 വരെയുള്ള വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ പ്രത്യകം പ്രത്യേകം ഇനം തിരിച്ച് പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടുണ്ട്.

## 1-33 കോവിഡ് പ്രതിരോധ പ്രവർത്തനം - അവലോകനം

1. ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ നാളിതു വരെയുള്ള ചെലവുകൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | 2019-20 | 2020-21 | 2021-22 (Upto 29/01/2022) |
|---|---|---|---|
| പ്ലാൻ ഫണ്ട് | 0 | 309370 | 706971 |
| തനത് ഫണ്ട് | 3700 | 111110 | 24922 |
| സംഭാവന ലഭിച്ചത് | 0 | 0 | 5000 |
| ആകെ | 3700 | 420480 | 736893 |

2. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡി.സി.സിയിലേയ്ക്ക് ലഭിച്ച സാധനങ്ങളുടെ വിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്ററിന്റെയും, ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് സാധനങ്ങൾ വാങ്ങിയ വിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കി. കൃത്യമായ രീതിയിൽ സ്റ്റോക്ക് എൻട്രി നടത്തിയിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്തിൽ 2019-20, 2020-21 കാലഘട്ടത്തിൽ CFLTC പ്രവർത്തിച്ചിട്ടില്ല. സി.എഫ്.എൽ.ടി.സി. പ്രവർത്തിപ്പിക്കുന്നതിനായി സജ്ജീകരണങ്ങൾ ഒരുക്കിയിരുന്നെങ്കിലും രോഗികൾ അഡ്മിറ്റ് ചെയ്യപ്പെട്ടിരുന്നില്ല. CFLTC യ്ക്കായി ഒരുക്കിയ കെട്ടിടത്തിലാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലുള്ള രോഗനിർണ്ണയക്യാമ്പുകൾ സംഘടിപ്പിക്കപ്പെട്ടിരുന്നത്. ഗ്രാമ പഞ്ചായത്തിൽ ഡൊമിസിലിയറി കെയർ സെന്റർ പ്രവർത്തിച്ചിട്ടുണ്ട്. കോട്ടപ്പടി മാർ ഏലിയാസ് കോളേജ് വക കെട്ടിടത്തിൽ 34 ദിവസം പ്രവർത്തിച്ചിരുന്ന ഡി.സി.സിയുടെ പ്രവർത്തനം 26/06/2021 തീയതിയിൽ അവസാനിച്ചിരുന്നു.

4. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭിച്ച സംഭാവന വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| വർഷം | തുക |
|---|---|
| 2021-22 | 5000 |

ഇത് കൂടാതെ ഗ്രാമ പഞ്ചായത്തിൽ സംഭാവനയായി വിവിധ വസ്തുക്കളും ഉപകരണങ്ങളും ലഭിച്ചിട്ടുണ്ട്.

5. തനത് ഫണ്ടിൽ നിന്നും 139732 രൂപയാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുള്ളത്.

6. കോവിഡ് പ്രിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 63 വോളന്റിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2020-21 വർഷം നടന്ന രോഗപരിശോധനാ ക്യാമ്പുകളിലേയ്ക്ക് ആയവരുടെ സേവനം വിനിയോഗിച്ചിട്ടുണ്ട്.
7. ഗ്രാമപഞ്ചായത്തിൽ 28/03/2020 തീയതി മുതൽ 03/05/2020 വരെ 37 ദിവസം കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിട്ടുണ്ട്.കമ്മ്യൂണിറ്റി കിച്ചന്റെ വിവിധ ഇനങ്ങളിലുള്ള ചെലവുകൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | പാചകക്കൂലി | 12000/- |
| 2 | ഭക്ഷ്യ കിറ്റുകൾ | 16473/- |
| 3 | പച്ചക്കറി | 6400/- |
| 4 | പലവ്യഞ്ജനം | 7000/- |
| 5 | ബ്ലോക്ക് പഞ്ചായത്ത് ഭക്ഷണ പൊതി | 500/- |
| ആകെ | | 42373/- |

8. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്.

9. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് പൾസ് ഓക്സിമീറ്റർ വാങ്ങിയിട്ടില്ല. ഡി.സി.സി. പ്രവർത്തനമാരംഭിച്ചപ്പോൾ 2 പൾസ് ഓക്സിമീറ്ററുകൾ സംഭാവനയായി ലഭിച്ചിരുന്നു. ആയത് സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടുണ്ട്.

10. സംഭാവന സ്വീകരിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ആയതിൽ ₹.5000/- സംഭാവനയായി ലഭിച്ചിട്ടുണ്ട്.

11. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കോട്ടപ്പടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും, കോവിഡ് കോർ കമ്മിറ്റിയും നേരിട്ടാണ് ഏകോപനം ചെയ്യുന്നത്.

12. കോട്ടപ്പടി ഗ്രാമപഞ്ചായത്ത് പരിധിയിൽ 29/01/2022 വരെയുള്ള കോവിഡ് രോഗികളുടെ വിവരം

| | |
|---|---|
| കോവിഡ് സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം | 2807 |
| രോഗവിമുക്തരാക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം | 2707 |
| കോവിഡ് രോഗ ബാധിതരായി മരണപ്പെട്ടിട്ടുള്ളവരുടെ ആകെ എണ്ണം | 28 |
| നിലവിൽ ആക്റ്റീവ് രോഗികളുടെ എണ്ണം | 72 |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെ പങ്ക് തൃപ്തികരമാണ്.

## 1-34 കന്നുകുട്ടി പരിപാലനം-അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| പ്രോജക്ട് നം | S21/20 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 25,00,000/- (625000 /-വികസന ഫണ്ട്-ജനറൽ, 625000 /- സംസ്ഥാനാവിഷ്കൃത ഫണ്ട്, 1250000/-മറ്റുള്ളവ) |
| ചെലവ് | 625000/-(വികസന ഫണ്ട്-ജനറൽ) |

**1)** ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷ്വറൻസ് എന്നിവ ലഭ്യമാക്കുന്നതിനായുള്ള മേൽ പദ്ധതിയിൽ 100 കന്നുകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കന്നുകുട്ടി ഒന്നിന് സബ്സിഡി തുകയായ 6250/- രൂപയാണ് പഞ്ചായത്ത് വകയിരുത്തി പ്രോജക്ട് ഓഫീസർ, ആലുവ-യ്ക്ക് കൈമാറിയിട്ടുള്ളത്. സംസ്ഥാനവിഹിതം 6250/-രൂപ ഉൾപ്പെടെ 12500/- രൂപയാണ് ഒരു കന്നുകുട്ടിക്കായി പദ്ധതിയിൽ ചെലവഴിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ ആറ് ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ വിവിധ കാരണങ്ങളാൽ പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, വീട്ടുപേര് | പദ്ധതിയിൽ നിന്ന് ഒഴിവായ മാസം | ചെലവായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| സുശീല സജി, തകപ്പനാട്ട് | 04/2020 | 2434 | 10066 |
| എം ഡി ജോസ്, മേയ്ക്കമാലിൽ | 10/2019 | 400 | 12100 |
| സജിത ഹിലാരി, പാറപ്പുറം | 11/2020 | 5824 | 6676 |
| മീനാക്ഷി അയ്യപ്പൻ, ചെങ്ങനാട്ടുകുടി | 03/21 | 6331 | 6169 |
| അജിത മനോജ്, പണിശ്ശേരിമറ്റം | 11/2019 | 400 | 12100 |
| ചിന്നമ്മ ജോസ്, മരങ്ങാട്ട് | 11/2019 | 400 | 12100 |
| ചിന്നമ്മ കുഞ്ഞ് | 11/2020 | 6502 | 5998 |
| ആകെ | | | 65209 |

മേൽ പട്ടിക പ്രകാരം ഉള്ള 65209/- രൂപ കൂടാതെ പദ്ധതി പൂർത്തിയായതിന് ശേഷം മറ്റ് ഗുണഭോക്താക്കൾക്കായി കൈമാറിയ തുകയിൽ ആകെ 28372/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട് (ആകെ 93581/-). ഇതിൽ പകുതി സംസ്ഥാന വിഹിതം ആയതിനാൽ ആകെ അവശേഷിക്കുന്ന 93581/- രൂപയിൽ പകുതി തുകയായ 46790.50/- രൂപ പഞ്ചായത്തിലേക്ക് തിരികെ ഈടാക്കുകയോ വരുന്ന പദ്ധതികളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. അപ്രകാരം തുക ക്രമീകരിച്ചിട്ടുണ്ടോ എന്നതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

**2)** ത്രേസ്യാമ്മ പൗലോസ്, ഇടപ്പളവൻ എന്ന ഗുണഭോക്താവിന് നൽകിയ തുകയുടെ ചെലവ് വിവരം വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ ലഭ്യമല്ല. ( പേജ് നമ്പർ 75). ഈ ഗുണഭോക്താവിനായി കൈമാറിയ 6250/- രൂപയുടെ വിനിയോഗ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യ പ്പെട്ടുകൊണ്ട് 31.01.2022 ൽ നൽകിയ 28-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമയിട്ടില്ല. ക്രമ നമ്പർ 1 ലെയും 2 ലെയും അപാകങ്ങൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-35 മുട്ടക്കോഴി വിതരണം - രേഖകൾ അപൂർണ്ണം

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം മുട്ടക്കോഴി വിതരണ പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്, നം. | മുട്ടക്കോഴി വിതരണം- ജനറൽ വനിത, 44/20 | മുട്ടക്കോഴി വിതരണം -എസ് സി വനിത, 43/20 |
|---|---|---|
| അടങ്കൽ | 66000/-( 330000/- വികസന ഫണ്ട്-സാധാരണ വിഹിതം, 330000/- മറ്റുള്ളവ) | 412500/- ( 300000/- എസ് സി പി, 112500/- മറ്റുള്ളവ) |
| ചെലവ് | 566500/- ( 323950/- വികസന ഫണ്ട്-സാധാരണ വിഹിതം, 242550/- മറ്റുള്ളവ) | 151600/- ( 116800/- എസ് സി പി, 34800/-മറ്റുള്ളവ) |
| ബിൽ നമ്പർ/ ചെക്ക് നം. | 1) 4/19-20 തീയതി 14.11.19, തുക 88550/-<br>2) 9/19-20 തീയതി 26.02.20, തുക 131450/-<br>3) 11/19-20 തീയതി 26.02.20, തുക 35750/-<br>4) 13/19-20 തീയതി 07.03.20, തുക 45650/-<br>5) 2145104 തീയതി 16.11.19, തുക 88550/- | 1) 3/19-20 തീയതി 14.12.19, തുക 29600/-<br>2) 8/19-20 തീയതി 26.02.20, തുക 63200/-<br>3) 12/19-20 തീയതി 26.02.20, തുക 16000/-<br>4) 14/19-20 തീയതി 07.03.20, തുക 8000/-<br>5) 2145105 തീയതി 16.11.19, തുക 11100/- |

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ രേഖകൾ ഭാഗികമായി മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. മുട്ടക്കോഴി വിതരണം-ജനറൽ വനിത, 44/20

സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്തൃവിഹിതം ഇനത്തിൽ ചെലവ് വന്നിട്ടുള്ളത് 242550/- രൂപയാണ്. എന്നാൽ ചെക്ക് നമ്പർ 2145104 തീയതി 16.11.19 പ്രകാരമുള്ള 88550/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഫയലിലുള്ളത്. അവശേഷിക്കുന്ന 154000/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

2. മുട്ടക്കോഴി വിതരണം-എസ് സി വനിത, 43/20

സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്തൃവിഹിതം ഇനത്തിൽ ചെലവ് വന്നിട്ടുള്ളത് 34800/- രൂപയാണ്. എന്നാൽ ചെക്ക് നമ്പർ 2145105 തീയതി 16.11.19 പ്രകാരമുള്ള 11100/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഫയലിലുള്ളത്. അവശേഷിക്കുന്ന 23700/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 31.01.2022 ൽ നൽകിയ 32-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ക്രമ നമ്പർ 1 ലെയും 2 ലെയും അപാകങ്ങൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. അതുവരെ 177700/- (154000+23700) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കണ്ടു. ദുരിതാശ്വാസ നിധിയുടെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അക്കൗണ്ട് നം | കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് ലി. (അക്കൗണ്ട് നം.ഇ .155) |
| മുന്നിരിപ്പ് | 11806 |
| വരവ് | 800 |
| പലിശ വരവ് | 442 |
| ആകെ വരവ് | 1242 |
| നീക്കിയിരിപ്പ് | 13048 |

ധാരാളം വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉള്ള ഈ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയിലേക്ക് വോളന്ററിയായി തുക സമാഹരിക്കുന്നതിൽ വേണ്ടത്ര പ്രാധാന്യം കൊടുത്തിട്ടില്ല എന്ന് ഇതിൽ നിന്നും മനസ്സിലാകുന്നു. 2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ് , കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി രൂപീകരിച്ച് പ്രവർത്തിക്കേണ്ട ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി നിലവിലെ സെക്രട്ടറിയും ഭരണ സമിതിയും പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് കൊണ്ടും ഓഡിറ്റ് വർഷം ദുരിതാശ്വാസ നിധിയുടെ സബ് കമ്മിറ്റി യോഗം ചേർന്നതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 20/29.01.2022) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ദുരിതാശ്വാസ നിധിയിലേക്ക് ധനസഹായം സമാഹരിക്കുന്നതിനും അർഹരായവർക്ക് വിതരണം ചെയ്യുന്നതിനും ശ്രമം നടത്തേണ്ടതാണ്.

## 1-37 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. 2019- 2020 സാമ്പത്തിക വർഷത്തിൽ ആകെ രണ്ട് തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 ആഗസ്റ്റ് | 1.തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ<br>2. ഗുണഭോക്തൃലിസ്റ്റ് പട്ടിക- ജില്ലാ പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ്<br>3. ഓഡിറ്റ് റിപ്പോർട്ട് 2017-18<br>4. ജലഗ്രാമസഭ<br>5.വരവ്- ചെലവ് കണക്ക് 2018-19<br>6. വിമുക്തി- ജീവിതമാണ് ലഹരി |
| 2 | 2020 ജനുവരി,<br>2020 ഫെബ്രുവരി | 1.2020-21 വാർഷിക പദ്ധതി<br>2.തൊഴിലുറപ്പ് പദ്ധതി- കിണറിന് ആനുകൂല്യം – ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ<br>3. തൊഴിലുറപ്പ് പദ്ധതി-2020-21 – ആക്ഷൻ പ്ലാൻ<br>4.ഗുണഭോക്തൃ പട്ടിക- സാധൂകരണം<br>5. ഓഡിറ്റ് റിപ്പോർട്ട്-2018-19<br>6.ഹരിത പ്രോട്ടോക്കോൾ<br>7. വിമുക്തി-ജീവിതമാണ് ലഹരി<br>8.ക്യാൻസർ വിമുക്ത എറണാകുളം |

| | | 9. സാമൂഹ്യ സുരക്ഷാ പെൻഷൻ |
|---|---|---|

ജലഗ്രാമസഭ, ഹരിത പ്രോട്ടോക്കോൾ എന്നിങ്ങനെ പരിസ്ഥിതി സംബന്ധമായ വിഷയങ്ങളും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്ന 'വിമുക്തി' പോലെ സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങളും ഗ്രാമസഭകളിലെ വിഷയങ്ങളാകുന്നുവെന്നത് അഭിനന്ദനാർഹമാണ്. ഗ്രാമസഭകളിൽ വരുന്ന നിർദ്ദേശങ്ങൾ വാർഷിക പദ്ധതി രൂപീകരണത്തിൽ കൊണ്ടുവരുന്നതിൽ ആസൂത്രണ കമ്മിറ്റി കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. വർഷങ്ങളായി ആസൂത്രണം ചെയ്യുന്ന പദ്ധതികൾ പരിശോധിച്ചാൽ പദ്ധതികളിൽ കാതലായ മാറ്റങ്ങളില്ലെന്ന് കാണാം. 12ാം വാർഡിലെ ഗ്രാമസഭയിൽ പങ്കെടുത്ത അംഗം ടിയാൾക്ക് സ്വന്തമായി നിലം ഉണ്ടെന്നും കൃഷി ചെയ്യാൻ പഞ്ചായത്ത് മുൻകൈ എടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തുണിബാഗ് നിർമ്മാണ യൂണിറ്റ് നിർമ്മാണം ആരംഭിക്കണമെന്നും നിർദ്ദേശം വന്നിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും വാർഷിക പദ്ധതികളിൽ പരിഗണിച്ചതായി കാണുന്നില്ല.

ഗ്രാമസഭകളുടെ സംഘാടനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 03.08.2004 ൽ പുറപ്പെടുവിച്ച 22675/എൽ3/99 സർക്കുലറിലെ 3ാം നിർദ്ദേശമനുസരിച്ച് ഗ്രാമസഭായോഗത്തിലേക്ക് ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗം, ജില്ലാപഞ്ചായത്ത് അംഗം, നിയമസഭാംഗം എന്നിവരെ ഗ്രാമസഭാ കൺവീനർ ക്ഷണിക്കേണ്ടതാണ്. എന്നാൽ ഗ്രാമസഭകളുടെ മിനിട്ട്സ് പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത്, നിയമസഭാ അംഗങ്ങളുടെ പ്രാതിനിധ്യം ഉണ്ടായിട്ടില്ലെന്ന് കാണുന്നു. ഇക്കാര്യത്തിൽ ആവശ്യമായ പരിഹാരനടപടി സ്വീകരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## 1-38 പ്രൊക്യൂർമെന്റ് കമ്മിറ്റി

സ.ഉ(പി)നം. 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010,2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്ട് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി, വാങ്ങുന്ന രീതി (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) തീരുമാനിക്കേണ്ടതുമാണ്. എന്നാൽ വാങ്ങൽ നടപടിക്രമങ്ങളിൽ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം ഈ രീതിയിലുള്ള പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. സ.ഉ.(പി) നം.2/2018 എസ്.പി.ഡി. തീയതി 28.04.2018, സ.ഉ.(പി) നം.7/2019 എസ്.പി.ഡി. തീയതി 26.04.2019 എന്നിവ പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലെയ്സിൽ നിന്ന് നടത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ വാങ്ങലുകളിലൊന്നും ഈ നിബന്ധന പാലിച്ചിട്ടില്ല. വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ഭരണസമിതി കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-39 വെള്ളക്കരം കുടിശ്ശിക- നടപടികൾ സ്വീകരിച്ചു

07.02.2020 ലെ 40440 നമ്പർ ബിൽ പ്രകാരം പഞ്ചായത്തിലെ 56 കുടിവെള്ള ടാപ്പുകളുടെ കരം 24500/- രൂപയാണ്. ബില്ലിൽ 31.01.2020 വരെ 2630853/-രൂപ കുടിശ്ശികയും 51605/- രൂപ ഫൈനും രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഭീമമായ വെള്ളക്കരം കുടിശ്ശിക നിലനിൽക്കുന്നത് സംബന്ധിച്ച് പരാമർശിച്ചിരുന്നു. നിലവിൽ വാട്ടർ അതോറിട്ടി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം 24 ആയി നിജപ്പെടുത്തിയിട്ടുണ്ട്. വിവിധ പ്രൊജക്ടുകളിലായി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക വെള്ളക്കരം കുടിശ്ശികയിൽ നിന്ന് കുറവ് ചെയ്ത് കിട്ടാൻ പഞ്ചായത്ത് നടത്തിയ ശ്രമങ്ങളെത്തുടർന്ന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 12/2021 വരെയുള്ള കുടിശ്ശിക 1743623/- രൂപയായി കുറവ് ചെയ്ത് ലഭിച്ചിരുന്നു. ഈ തുക ഒറ്റത്തവണയായി അടവാക്കിയാൽ ബിൽ പ്രകാരമുള്ള ലെഡ്ജറിൽ നിന്നും 24,05,046/-രൂപ ഒഴിവാക്കി നൽകുന്നതാണെന്നും കേരള വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടറുടെ 09.12.2021 ലെ കെ ഡ ബ്ല്യൂ എ /HO/RMC/R4/1340/2021 നമ്പർ കത്തിൽ അറിയിച്ചിരുന്നു. ഇതേത്തുടർന്ന് പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നമ്പർ SO152/22 പ്രകാരം 1743623/- രൂപ 20-12-2021 ൽ അടവാക്കിയിട്ടുണ്ട്. ഈ തുകയുടെ കൈപ്പറ്റ് രസീതും കുടിശ്ശിക പൂർണ്ണമായി ഒഴിവാക്കിയതായി കത്തും ലഭ്യമാക്കാൻ സെക്രട്ടറി 17.01.2022 ലെ SO 152/2022 നമ്പർ കത്ത് മുഖേന വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കുടിശ്ശിക പൂർണ്ണമായി ഒഴിവാക്കി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-40 ഓഡിറ്റ് ഇംപാക്ട്

1. മരാമത്ത് പ്രവൃത്തി - ആദായ നികുതി - അടവാക്കി

ഗ്രാമ പഞ്ചായത്തിലെ 2 മരാമത്ത് പ്രവൃത്തികളിൽ കരാറുകാരനിൽ നിന്ന് നിശ്ചിത നിരക്കിൽ ആദായ നികുതി - ടി.ഡി.എസ്. ഈടാക്കാതിരുന്നത് ഓഡിറ്റ് എൻക്വയറി (3/24.3.2022) മുഖേന ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 3551 രൂപ അടവാക്കി (ചലാൻ നം 00849/27.01.22, 00979/27.01.22)

2. സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നത് ഓഡിറ്റ് എൻക്വയറി (നം.37/1.2.2022) മുഖേന അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 6046 രൂപ 1.2.2002 ലെ 1210102567, 1210102567 എന്നീ രസീതുകൾ പ്രകാരം അടവാക്കി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2018-19 | 400000 | 141/20 – ലൈഫ് മിഷൻ(ജനറൽ) | 400000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2017-18 | 785800 | 140/20 – ലൈഫ് മിഷൻ(എസ് സി) | 601850 | 183950 |
| 3 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 80000 | 208/20 – ലൈഫ് മിഷൻ(എസ് സി) | 80000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 281800 | 22/20 – നെൽകൃഷി വികസനം | 281800 | 0 |
| 5 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 224700 | 32/20 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 224700 | 0 |
| 6 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 50000 | 73/20 – പാലിന് സബ്സിഡി | 50000 | |
| 7 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 3901000 | 207/20 – ലൈഫ്-ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി വാങ്ങൽ(ജനറൽ) | 3901000 | 0 |
| 8 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 225000 | 209/20 – ലൈഫ്-ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി വാങ്ങൽ(എസ് സി) | 225000 | 0 |
| 9 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 99000 | 109/20 – ലൈഫ് മിഷൻ-ഭവനനിർമ്മാണം | 99000 | 0 |
| 10 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2019-20 | 500000 | 91/20 – അങ്കണവാടി നിർമ്മാണം – വാർഡ് 10 | 0 | 500000 |
| 11 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2018-19 | 800000 | 143/20- സാംസ്കാരിക നിലയത്തിന് സ്ഥലം വാങ്ങൽ | 639208 | 160792 |
| 12 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2019-20 | 200000 | 73/20 – പാലിന് സബ്സിഡി | 200000 | 0 |
| 13 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2018-19 | 198150 | 140/20 – ലൈഫ് മിഷൻ(എസ് സി) | 198150 | 0 |
| 14 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2019-20 | 200000 | 32/20 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| 15 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2019-20 | 750096 | 208/20 – ലൈഫ് മിഷൻ (എസ് സി) | 750096 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 125/20 കുരങ്ങൻചിറ കുഴൽക്കിണറിൽ മോട്ടോറും ടാങ്കും ഫിറ്റ് ചെയ്യൽ | 21900331/ 24.07.19 (തനത് ഫണ്ട്)<br>21900339/ 22.07.19 (ധനകാര്യ കമ്മീഷൻ അവാർഡ്) | 100000/-<br>50000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |

കേരള വാട്ടർ അതോറിറ്റിയിൽ 11,73,739/- രൂപയും കെ.എസ്.ഇ.ബി.യിൽ 27,683/- രൂപയും മുൻവർഷങ്ങളിൽ മുൻകൂർ നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുവാനുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം ലഭ്യമായ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (ഹഡ്കോ) | ജി ഒ (എം എസ്) 100/2018/ തസ്വഭവ തീയതി 30.07.2018 | 1400000 | 2438500 | 588235 | 0 | 3250265 |
| ഷോപ്പിംഗ് കോംപ്ലക്സ് (കെ.യു.ആർ. ഡി.എഫ്.സി.) | KURDFC/ ഉത്തരവ് നം /300/2015 തീയതി 23-05-2015 | - | 6024426 | 1038136 | 585691 | 4986290 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല**

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ ലഭിച്ച 2500/- രൂപയുടെ വിവരം താഴെ ചേർക്കുന്നു. വാർഷിക ധനകാര്യപത്രികയിൽ പ്രയർ പിരീഡ് ഇൻകം എന്ന ഹെഡ്ഡിലാണ് ഈ തുക വരവായി ചേർത്തിരിക്കുന്നത്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | 2-3 | 2500 | ജോർജ് പോൾ, നടുവത്ത്(കരാറുകാരൻ) | 119020104400/ 18.03.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 4, | തൊഴിൽ നികുതി | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

| | | | | | |
|---|---|---|---|---|---|
| | | | പേജ് 178 | | |
| ---"--- | 2.1(B) | ---"--- | ---"--- | ---"--- | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

**ഇല്ല.**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54677349.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57069813.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16160 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 221200 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 43500 | ഡോ.ജെറാൾഡ് ഗോർകിംഗ് മാത്യു, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-35 | 177700 | ഡോ.എസ് ഷറഫുദ്ദീൻ, വെറ്ററിനറി സർജൻ |
| ആകെ | 221200 | - |

**(സി) കേന്ദ്ര-സംസ്ഥാ സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 9,728/- | രമേഷ് കെ.എൻ. അസിസ്റ്റന്റ് സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| **പേരും ഉദ്യോഗപ്പേരും** | **ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ഡോ.ജെറാൾഡ് ഗോർകിംഗ് മാത്യു,<br>മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി. | പനയംകുന്ന് ഹൗസ്,<br>നെല്ലിക്കുഴി പി ഒ |
| ഡോ.എസ് ഷറഫുദ്ദീൻ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>കോട്ടപ്പടി | ഹീര Heera Utratz<br>ഉണിച്ചിറ, തൈക്കാവ് റോഡ്,<br>ചങ്ങമ്പുഴ നഗർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| **ഓഡിറ്റ് റിപ്പോർട്ട് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **റിമാർക്സ്** |
|---|---|---|
| 2001-02 | എൽ.എഫ്.ഇ(പി 1)1150/05/28.10.2006 | |
| 2002-03 | എൽ.എഫ്.ഇ(പി 7)2084/06/7.11.2006 | |
| 2003-04 | എൽ.എഫ്.ഇ(പി 7)734/10/29.9.2011 | |
| 2004-05 | എൽ.എഫ്.ഇ(പി 7)735/10/29.9.2011 | |
| 2005-06 | എൽ.എഫ്.ഇ(പി 7)736/10/29.9.2011 | |
| 2006-07 | എൽ.എഫ്.ഇ(പി 7)787/12/13.7.2012 | |
| 2007-08 | എൽ.എഫ്.ഇ(പി 7)788/12/13.7.2012 | |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.ഇ(പി 7)789/12/13.7.2012 | |
| 2009-10 | എൽ.എഫ്.ഇ(പി 7)790/12/13.7.2012 | |
| 2010-11, 2011-12 | എൽ.എഫ്.ഇ(പി7)854/13/4.6.13 | |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി7)1901/14/16.1.15 | |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം (പി7)1255/2016 തീയതി 25.07.2016 | |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി7)2244/2016 തീയതി 04.03.2017 | |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി7)1881/2017 തീയതി 25.11.2017 | |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(പി7)2356/2018 തീയതി 14.02.19/08.03.19 | |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(പി7)1177/2019 തീയതി 03.09.19 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്